# താമരമൊട്ടുകൾ

വാല്യം 23 | ജൂൺ 2021 | ലക്കം 06 | Price ₹ 20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 22 താമരമൊട്ടുകൾ ജൂൺ 2021 ലക്കം 06

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിച്ചു."

(മത്താ. 1:24)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 359 |
| 2. | പ്രോഗ്രാം ജൂൺ 2021 | 362 |
| 3. | മോത്തു പ്രോപ്രിയോ | 363 |
| 4. | കച്ചേരിക്കാര്യം | 372 |
| 5. | വിശ്വാസപരിശീലനം | 375 |
| 6. | ചെറുപുഷ്പ മിഷൻലീഗ് | 380 |
| 7. | തിരുബാലസഖ്യം | 383 |
| 8. | ലിറ്റർജി കമ്മീഷൻ | 384 |
| 9. | സ്റ്റാർട്ട് | 385 |
| 10. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 387 |
| 11. | ആൽഫ മരിയ അക്കാദമി | 388 |
| 12. | ജീസസ് ഫ്രട്ടേണിറ്റി | 389 |
| 13. | മാതൃവേദി | 390 |
| 14. | കെ.സി.വൈ.എം | 393 |
| 15. | എ.കെ.സി.സി | 396 |
| 16. | ഇൻഫാം | 398 |
| 17. | കരിസ്മാറ്റിക് മൂവ്മെന്റ് | 398 |
| 18. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 400 |
| 19. | ബഥാനിയ ധ്യാനകേന്ദ്രം | 401 |
| 20. | വികസനവേദി | 402 |
| 21. | അജപാലനക്കുറിപ്പുകൾ | 403 |

# Birth Day Greetings

Rev. Fathers

| | | | |
|---|---|---|---|
| ,, | Manalil John | June | 1 |
| ,, | Pannikottu Augustine | ,, | 6 |
| ,, | Madathikunnel Varghese | ,, | 11 |
| ,, | Maliyeckal Joseph | ,, | 13 |
| ,, | Pulickal Sibi Kurian | ,, | 14 |
| ,, | Koonanickal Joseph | ,, | 14 |
| ,, | Thekkumkattil Joseph | ,, | 15 |
| ,, | Valiaparambil Devasia | ,, | 17 |
| ,, | Mavely Mathew | ,, | 19 |
| ,, | Chakkummoottil Philip | ,, | 21 |
| ,, | Puthenpura Jacob | ,, | 24 |
| ,, | Kocheelath Abraham | ,, | 28 |
| ,, | Nirappel Mathew | ,, | 28 |
| ,, | Vattottutharappel Thomas | ,, | 29 |
| ,, | Thakidiyil Mathew | ,, | 30 |
| ,, | Vadakkel Joseph | ,, | 30 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Pottananickal Ephrem | June | 9 |
| Chennikkara Antony | | 13 |
| Karikunnel Antony | | 13 |
| Kozhuvanal Antony | | 13 |
| Purayidam Antony | | 13 |
| Varakil Antony | | 13 |
| Manalil John | | 24 |
| Nandalath Johnson | | 24 |
| Kizhakkekunnel Simon | | 29 |
| Poovathinkal Paul | | 29 |
| Puthenpura Paul | | 29 |
| Vallopilly Simon | | 29 |

**Mar Remigiose Inchananiyil**


# വേർപാടിന്റെ
## 27–ാം വർഷം



താമരശ്ശേരി രൂപതയ്ക്ക് അടിസ്ഥാനമിട്ട്
നിത്യതയിലേക്ക് വിളിക്കപ്പെട്ട
**മാർ മങ്കുഴിക്കരി പിതാവിന്**
താമരശ്ശേരി രൂപതയുടെ
**ആദരാഞ്ജലികൾ**

# പ്രോഗ്രാം ജൂൺ 2021

| | | |
|---|---|---|
| 01 | ചൊവ്വ | വി. ജസ്റ്റിൻ |
| 03 | വ്യാഴം | **പരി. കുർബാനയുടെ തിരുന്നാൾ** |
| 06 | ഞായർ | വിശ്വാസപരിശീലനം: സൺഡേ സ്കൂൾ വർഷാരംഭം |
| 08 | ചൊവ്വ | വാ. മറിയം ത്രേസ്യ |
| 09 | ബുധൻ | മാർ അപ്രേം |
| 11 | വെള്ളി | **ഈശോയുടെ തിരുഹൃദയത്തിരുന്നാൾ** |
| | | **ബിഷപ് മങ്കുഴിക്കരി ഓർമ്മദിനം** |
| | | ചരമദിനം: ഫാ. ജോസഫ് അരഞ്ഞാണിപ്പുത്തൻപുര |
| 12 | ശനി | **മാതാവിന്റെ വിമലഹൃദയതിരുന്നാൾ** |
| 13 | ഞായർ | വി. അന്തോണീസ് |
| 19 | ശനി | ചരമദിനം: ഫാ. പോൾ മൂശാരിയേട്ട് |
| 21 | തിങ്കൾ | ചരമദിനം: ഫാ. ജോസഫ് അടിപുഴ |
| 22 | ചൊവ്വ | വി. ജോൺ ഫിഷറും വി. തോമസ് മൂറും |
| 24 | വ്യാഴം | ചരമദിനം: മോൺ. സി. ജെ. വർക്കി കുഴിക്കുളം |
| 29 | ചൊവ്വ | വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ |



*St. Joseph, Pray for us*

Ref: 3478 K-5/KCBC/OL/DS

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 'മോത്തു പ്രോപ്രിയോ' ആയി പ്രസിദ്ധീകരിച്ച അപ്പോസ്തോലിക ലേഖനം

# "പുരാതന ശുശ്രൂഷ"

## മതാധ്യാപക ശുശ്രൂഷയുടെ സ്ഥാപനം

1. സഭയിൽ പുരാതനകാലം മുതലേ നിലനിന്നു പോരുന്ന ഒന്നാണ് മതബോധന ശുശ്രൂഷ. അതിനു വ്യക്തമായ തെളിവുകൾ പുതിയ നിയമരേഖകളിൽത്തന്നെ കണ്ടെത്താനാവുമെന്ന് ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. മതബോധന ശുശ്രൂഷയെപ്പറ്റി കോറിന്തോസിലെ സഭയ്ക്കെഴുതുമ്പോൾ, പൗലോസ് അപ്പോസ്തലൻ "പ്രബോധകരെ"പ്പറ്റിയും പറയുന്നുണ്ട്. "ദൈവം സഭയിൽ ഒന്നാമത് അപ്പോസ്തലന്മാരെയും രണ്ടാമത് പ്രവാചകന്മാരെയും മൂന്നാമത് പ്രബോധകരെയും, തുടർന്ന് അത്ഭുതപ്രവർത്തകർ, രോഗശാന്തി നല്കുന്നവർ, സഹായകർ, ഭരണകർത്താക്കൾ, വിവിധഭാഷകളിൽ സംസാരിക്കുന്നവർ എന്നിവരെയും നിയമിച്ചിരിക്കുന്നു. എല്ലാവരും അപ്പോസ്തലരോ? എല്ലാവരും പ്രവാചകരോ? എല്ലാവരും പ്രബോധകരോ? എല്ലാവരും അത്ഭുതപ്രവർത്തകരോ? എല്ലാവർക്കും രോഗശാന്തിക്കുള്ള വരങ്ങളുണ്ടോ?എല്ലാവരും വിവിധഭാഷകളിൽ സംസാരിക്കുന്നുണ്ടോ? എല്ലാവരും വ്യാഖ്യാനിക്കുന്നുണ്ടോ? എന്നാൽ ഉത്കൃഷ്ട ദാനങ്ങൾക്കുവേണ്ടി തീക്ഷ്ണമായി അഭിലഷിക്കുവിൻ. ഉത്തമമായ മാർഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം" (1 കോറി 12:28-31).

വിശുദ്ധ ലൂക്കാ തന്റെ സുവിശേഷത്തിന്റെ പ്രാരംഭത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു. "അല്ലയോ, ശ്രേഷ്ഠനായ തെയോഫിലോസ്, എല്ലാ കാര്യങ്ങളും പ്രാരംഭം മുതൽക്കേ സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം എല്ലാം ക്രമമായി നിനക്കെഴുതുന്നത് ഉചിതമാണെന്ന് എനിക്കും തോന്നി. അത് നിന്നെ പഠിപ്പിച്ചിട്ടുള്ള വചനങ്ങളുടെ വിശ്വസ്തതയെക്കുറിച്ചു നിനക്കു ബോധ്യം വരാനാണ്" (ലൂക്കാ 1:34). ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവർക്കും ഉത്തമബോധ്യം നല്കാൻ താൻ എഴുതുന്ന നിർദേശങ്ങൾ പ്രയോജനകരമാകു

മെന്ന് സുവിശേഷകന് നന്നായി അറിയാമെന്ന് തോന്നുന്നു. പൗലോസ് അപ്പോസ്തലൻ ഗലാത്ത്യരോടു പറയുന്നു: "വചനം പഠിക്കുന്നവൻ തനിക്കുള്ള എല്ലാ വസ്തുക്കളുടെയും പങ്ക് തന്റെ അധ്യാപകനു നല്കണം" (ഗലാ 6:6). ഇത് കൂടുതൽ വ്യക്തമാക്കാൻ മറ്റൊരു വിവരണം കൂടി അപ്പോസ്തലൻ നല്കുന്നുണ്ട്; ആധികാരികമായ മതബോധനത്തിന്റെ ഫലപ്രദമായ അടയാളമായി കൂട്ടായ്മയിലുള്ള ജീവിതത്തെക്കുറിച്ച് അദ്ദേഹം കുറിക്കുന്നു.

2. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ അനുസരിക്കുകയും സഭയെ പടുത്തുയർത്താനായി തങ്ങളുടെ ജീവിതം സമർപ്പിക്കുകയും ചെയ്ത സ്ത്രീപുരുഷന്മാർ നടത്തിയ വിവിധതരത്തിലുള്ള ശുശ്രൂഷകളാണ് ക്രൈസ്തവസമൂഹത്തിന്റെ തുടക്കം മുതൽ ഉണ്ടായിരുന്നത്. ചില സമയങ്ങളിൽ,പരിശുദ്ധാത്മാവ് ജ്ഞാനസ്നാനം സ്വീകരിച്ചവരുടെമേൽ നിരന്തരമായി ചൊരിഞ്ഞ വരദാനങ്ങൾ (charism) ക്രൈസ്തവസമൂഹത്തിനു തന്നെ ദൃശ്യവും സ്പഷ്ടവുമായ അടിയന്തിര ശുശ്രൂഷയായി മാറുകയും അത് സമൂഹത്തിന് ഒഴിച്ചുകൂടാനാവാത്ത ശുശ്രൂഷ (diakonia) യായി അംഗീകരിക്കപ്പെടുകയും ചെയ്തു. ഇത് ആധികാരികമായി സാക്ഷ്യപ്പെടുത്തിക്കൊണ്ട് പൗലോസ് അപ്പോസ്തലൻ ഇപ്രകാരം പ്രസ്താവിക്കുന്നു: "ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും ആത്മാവ് ഒന്നുതന്നെ. ശുശ്രൂഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ. പ്രവൃത്തികളിൽ വൈവിധ്യം ഉണ്ടെങ്കിലും എല്ലാവർക്കും എല്ലാറ്റിലും പ്രചോദനം നല്കുന്ന ദൈവം ഒന്നുതന്നെ. ഓരോരുത്തരിലും ആത്മാവ് വെളിപ്പെടുത്തുന്നത് പൊതുനന്മയ്ക്കുവേണ്ടിയാണ്. ഒരേ ആത്മാവു തന്നെ ഒരാൾക്ക് വിവേകത്തിന്റെ വചനവും മറ്റൊരാൾക്ക് ജ്ഞാനത്തിന്റെ വചനവും നല്കുന്നു. ഒരേ ആത്മാവുതന്നെ ഒരുവനു വിശ്വാസവും വേരൊരുവന് രോഗശാന്തിക്കുള്ള വരവും നല്കുന്നു. ഒരുവന് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ശക്തിയും, മറ്റൊരുവനു പ്രവചിക്കാൻ വരവും, വേറൊരുവന് ആത്മാക്കളെ വിവേചിച്ചറിയാൻ കഴിവും വേറൊരുവനു ഭാഷാവരവും, വേറൊരുവന് വ്യാഖ്യാനത്തിനുള്ള വരവും, അതേ ആത്മാവുതന്നെ നല്കുന്നു. തന്റെ ഇച്ഛയ്ക്കൊത്ത് ഓരോരുത്തർക്കും പ്രത്യേക പ്രത്യേക ദാനങ്ങൾ നല്കുന്ന ഒരേ ആത്മാവിന്റെ തന്നെ പ്രവൃത്തിയാണ് ഇതെല്ലാം" (1 കോറി 12:4-11). പുതിയനിയമത്തിന്റെ വിശാലമായ കരിസ്മാറ്റിക് പാരമ്പര്യത്തിൽ, ജ്ഞാനസ്നാനം സ്വീകരിച്ച ചില വ്യക്തികൾ ജീവിതത്തിലെ വിവിധ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് സജീവവും സുസ്ഥിരവുമായ രൂപത്തിൽ അപ്പോസ്തലന്മാരുടെയും സുവിശേഷപ്രഘോഷകരുടെയും പ്രബോധനങ്ങളെ

പ്രായോഗികമാക്കിയതായി നമുക്കു കാണാനാവും (DV 8). സുവിശേഷവത്കരണ ദൗത്യനിർവഹണ മേഖലയിൽ വളരെയധികം സംഭാവനകൾ നല്കിയ ഇത്തരം വ്യക്തിപരമായ വരദാനങ്ങളുടെ സേവനത്തെ അംഗീകരിക്കാൻ സഭ ആഗ്രഹിച്ചു. സുവിശേഷപ്രചാരണ ദൗത്യത്തിൽ ഏർപ്പെട്ട ആദിമസഭയുടെ ജീവിതത്തിലേക്കുള്ള ഈ എത്തിനോട്ടം, കർത്താവിന്റെ വചനത്തോട് വിശ്വസ്തത പുലർത്തുന്നതിനുള്ള പുതിയ മാർഗങ്ങളെ വിലമതിക്കാനും അതുവഴി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാനും നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

3. കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളായി സുവിശേഷവത്കരണത്തിന്റെ ചരിത്രം മതാധ്യാപകരുടെ ദൗത്യത്തിന്റെ ഫലപ്രാപ്തിയെ വ്യക്തമായി കാണിച്ചുതരുന്നു. മെത്രാന്മാർ, പുരോഹിതർ, ഡീക്കന്മാർ, സന്ന്യസ്തരായ സ്ത്രീപുരുഷന്മാർ തുടങ്ങിയവർ തങ്ങളുടെ ജീവിതം മതബോധനത്തിനായി സമർപ്പിച്ചതുകൊണ്ട് മനുഷ്യ ജീവിതത്തിൽ വിശ്വാസം ഫലപ്രദമായ പിന്തുണയായിത്തീർന്നിട്ടുണ്ട്. അവരിൽ ചിലർ തങ്ങളുടെ സഹോദരീസഹോദരന്മാരോടു ചേർന്ന് അതേ വരദാനങ്ങൾ പങ്കുവയ്ക്കുകയും പൂർണമായും മതബോധനത്തിനായി സമർപ്പിച്ചുകൊണ്ടുള്ള ചില സന്ന്യാസസമൂഹങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

മതബോധന അധ്യാപനത്തിലൂടെ സുവിശേഷ പ്രഘോഷണരംഗത്ത് നേരിട്ടു പങ്കാളികളായ എണ്ണമറ്റ അല്മായരായ സ്ത്രീപുരുഷന്മാരെയും നമുക്കു മറക്കാനാവില്ല ആഴമായ വിശ്വാസമുള്ളവരും വിശുദ്ധിയുടെ ആധികാരിക സാക്ഷികളും, ചില സന്ദർഭങ്ങളിൽ സഭകളുടെ സ്ഥാപകരും ഒടുവിൽ രക്തസാക്ഷികളായി മരിച്ചവരുമായ സ്ത്രീപുരുഷന്മാർ. ഇക്കാലത്തും, വിദഗ്ധരും സമർപ്പിതരുമായ പല മതാധ്യാപകരും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സമൂഹനേതാക്കളായി പ്രവർത്തിക്കുന്നവരാണ്. വിശ്വാസത്തിന്റെ വ്യാപനത്തിനും വളർച്ചയ്ക്കും വിലമതിക്കാനാവാത്തവിധമുള്ള ശുശ്രൂഷ അവർ നിർവഹിക്കുന്നു. സഭയുടെ പ്രേഷിതശുശ്രൂഷയെ ഗണ്യമായി ഉയർത്തുകയും അംഗീകരിക്കപ്പെടാൻ സഹായിക്കുകയും ചെയ്ത വാഴ്ത്തപ്പെട്ടവരും വിശുദ്ധരും രക്തസാക്ഷികളുമായ മതാധ്യാപകരുടെ ഒരു നീണ്ട നിരതന്നെയുണ്ട്. മതബോധനരംഗത്തു മാത്രമല്ല, ക്രൈസ്തവ ആധ്യാത്മികതയുടെ മുഴുവൻ ചരിത്രത്തിന്റെയും സമ്പന്നതയെ അവർ പ്രതിനിധാനം ചെയ്യുന്നു.

4. രണ്ടാം വത്തിക്കാൻ എക്യുമെനിക്കൽ സൂനഹദോസുമുതൽ സുവിശേഷവത്കരണ പ്രവർത്തനങ്ങളിലുള്ള അല്മായ പങ്കാളിത്തത്തിന്റെ പ്രാധാ

ന്യത്തെ സഭ നവീനമാംവിധം വിലമതിക്കുന്നു. അല്മായ വിശ്വാസികൾ അവർക്കു ലഭിച്ചിട്ടുള്ള വരദാനങ്ങൾ വ്യത്യസ്തമേഖലകളിൽ പ്രകടമാക്കിക്കൊണ്ട് സഭാതരുവിന്റെയും ക്രൈസ്തവ സമൂഹത്തിന്റെയും വളർച്ചയിൽ നേരിട്ട് ഇടപഴകേണ്ടതിന്റെ ആവശ്യകത കൗൺസിൽ പിതാക്കന്മാർ ആവർത്തിച്ച് ഊന്നിപ്പറയുന്നു. "ഇതുപോലെതന്നെ, വിശ്വാസത്തിന്റെയും സഭയുടെയും വ്യാപനത്തിൽ പ്രേഷിത ചൈതന്യത്താൽ നിറഞ്ഞ്, വളരെയേറെ അധ്വാനംവഴി സവിശേഷവും അവശ്യാവശ്യകവുമായ സഹായം നല്കുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും ഒരു വ്യൂഹം, അതായത് മതാധ്യാപകർ ഉണ്ട്. ജനതകളുടെ ഇടയിലുള്ള പ്രേഷിത പ്രവർത്തനങ്ങൾക്ക് നാം അങ്ങേയറ്റം കടപ്പെട്ടിരിക്കുന്ന അവർ അഭിനന്ദനം അർഹിക്കുന്നുണ്ട്. വലിയ ഒരു ജനതയെ സുവിശേഷവത്കരിക്കാനും അവർക്ക് അജപാലന ശുശ്രൂഷ ചെയ്യാനും വൈദികർ ചുരുക്കമായിരിക്കുന്ന നമ്മുടെ ഇന്നത്തെക്കാലത്ത് മതാധ്യാപകരുടെ ജോലി വലിയ പ്രാധാന്യമർഹിക്കുന്നു" (AG 17). കൗൺസിലിന്റെ സുപ്രധാന പ്രബോധനങ്ങളോടൊപ്പം, മാർപാപ്പാമാരുടെ നിരന്തരമായ താല്പര്യവും, മെത്രാന്മാരുടെ സിനഡ്, എപ്പിസ്കോപ്പൽ കോൺഫറൻസുകൾ, വ്യക്തിഗത മെത്രാന്മാർ എന്നിവരെയും പരാമർശിക്കേണ്ടതുണ്ട്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC), മതബോധനം ഇന്ന് (CT) എന്ന അപ്പോസ്തോലികപ്രബോധനം, ജനറൽ കാറ്റെക്കെറ്റിക്കൽ സയറക്ടറി (GCC) മതബോധനത്തിനായുള്ള ജനറൽ ഡയറക്ടറി (GDC) സമീപകാലത്തെ മതബോധന ഡയറക്ടറി (Directory for Catechesis) അതുപോലെതന്നെ നിരവധി ദേശീയ-പ്രാദേശിക, രൂപതാതല മതബോധനഗ്രന്ഥങ്ങൾ എന്നിവ വിശ്വാസികളുടെ വിദ്യാഭ്യാസത്തിനും തുടർപരിശീലനത്തിനും മുൻഗണന നല്കുന്ന മതബോധനത്തിന്റെ ഒരു കേന്ദ്രീകരണം സ്ഥിരീകരിച്ചിട്ടുണ്ട്.

5. മെത്രാൻ തന്റെ രൂപതയിലെ പ്രഥമ മതാധ്യാപകൻ എന്നതിലും, രൂപതയിലെ വൈദികർ മെത്രാന്റെ മതബോധന ശുശ്രൂഷയിലെ പങ്കാളികൾ എന്നതിലും തങ്ങളുടെ കുട്ടികളുടെ ക്രൈസ്തവ രൂപീകരണത്തിൽ മാതാപിതാക്കൾക്കുള്ള പങ്കിലും മുൻവിധികളില്ലാതെ തന്നെ, ജ്ഞാനസ്നാനം വഴി മതബോധന ശുശ്രൂഷയോടു സഹകരിച്ചു പ്രവർത്തിക്കാൻ തങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു എന്നു കരുതുന്ന അല്മായരായ സ്ത്രീപുരുഷന്മാർക്ക് അംഗീകാരം നല്കണം. സമകാലിക ലോകത്ത് വർധിച്ചുവരുന്ന സുവിശേഷവത്കരണത്തിന്റെ ആവശ്യകതയും (സുവിശേഷത്തിന്റെ സന്തോഷം, 163-168)

ആഗോളവത്കരിക്കപ്പെട്ട ഒരു സംസ്കാരത്തിന്റെ ഉദയവും (എല്ലാവരും സഹോദരർ 100,138) സംബന്ധിച്ച നമ്മുടെ അവബോധത്തിന്റെ ഫലമായാണ് അവരുടെ സാന്നിധ്യം ഇന്ന് കൂടുതൽ അടിയന്തിരാവശ്യമായി ഉയർന്നുവരുന്നത്. യുവജനങ്ങളുമായി ആത്മാർത്ഥമായ ഇടപെടൽ ഇതിന് ആവശ്യമുണ്ട്. സഭ ഏറ്റെടുത്തിട്ടുള്ള സുവിശേഷ പ്രഘോഷണത്തെ മിഷനറി പരിവർത്തനവുമായി പൊരുത്തപ്പെടാൻ പ്രാപ്തിയുള്ള സർഗാത്മക രീതിശാസ്ത്രങ്ങളുടെയും വിഭവങ്ങളുടെയും ആവശ്യകതയാണെങ്കിൽ ഒന്നും പറയാനുമില്ല. ഭൂതകാലത്തോടുള്ള വിശ്വസ്ഥതയും വർത്തമാനകാലത്തോടുള്ള ഉത്തരവാദിത്തവും ലോകത്ത് സഭയുടെ ദൗത്യം നിർവഹിക്കുന്നതിന് സഭയ്ക്ക് ആവശ്യമുള്ള വ്യവസ്ഥകളാണ്.

ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരുടെയും ഭാഗത്തുനിന്നുള്ള വ്യക്തിപരമായ ഉത്സാഹത്തെ ഉണർത്തിക്കൊണ്ടും സമൂഹത്തിൽ ഉചിതമായ പ്രേഷിതദൗത്യം നടത്താനുള്ള അവരുടെ വിളിയെക്കുറിച്ചുള്ള അവബോധം പുനരുജ്ജീവിപ്പിച്ചുകൊണ്ടും നിരന്തരം സന്നിഹിതനും ഫലം പുറപ്പെടുവിക്കുന്നവനുമായ ദൈവാത്മാവിന്റെ സ്വരത്തിന് കാതോർക്കേണ്ട ആവശ്യമുണ്ട് (cf. CIC can. 774/1; CCEO can. 617). ക്രിസ്തീയ വിശ്വാസത്തിന്റെ സൗന്ദര്യം, നന്മ, സത്യം എന്നിവ പരിചയപ്പെടാനും കണ്ടെത്താനും കാത്തിരിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരെയും ദൈവാത്മാവ് ഇന്നു വിളിക്കുന്നു. സമൂഹത്തിന്റെ പരിവർത്തനത്തിന് സംഭാവനകൾ നല്കാൻ കഴിവുള്ള അല്മായ ശുശ്രൂഷകരെ അംഗീകരിക്കുകയും അതുവഴി “സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ മേഖലകളിൽ ക്രൈസ്തവമൂല്യങ്ങളുടെ വർധിച്ച കടന്നുചെല്ലൽ” (സുവിശേഷത്തിന്റെ സന്തോഷം, 102) പ്രക്രിയയിൽ അവരെ പിന്തുണയ്ക്കുകയും ക്രൈസ്തവസമൂഹത്തെ സമ്പന്നമാക്കുകയും ചെയ്യേണ്ടത് അജപാലകരുടെ കടമയാണ്.

6. അല്മായ പ്രേഷിതത്വം സംശയലേശമെന്യേ ‘മതേതര’മാണ അതിന് അല്മായർ “ഭൗതികവസ്തുക്കൾ കൈകാര്യം ചെയ്തുകൊണ്ടും ദൈവഹിതമനുസരിച്ച് ക്രമവത്കരിച്ചുകൊണ്ടും ദൈവരാജ്യം അന്വേഷിക്കേണ്ടത്” (LG 31) ആവശ്യമാണ്. കുടുംബവുമായും സാമൂഹികബന്ധങ്ങളുമായും അവരുടെ ദൈനംദിന ജീവിതത്തിൽ ബന്ധപ്പെട്ടിരിക്കുന്നവരാണ് അല്മായർ. “സഭയ്ക്ക് അല്മായർവഴി മാത്രമേ ഭൂമിയുടെ ഉപ്പായിത്തീരാൻ കഴിയൂ എന്ന വിധത്തിൽ സ്ഥലങ്ങളിലും സാഹചര്യങ്ങളിലും സഭയെ സന്നിഹിതമാക്കുകയും യാഥാർത്ഥ്യവത്കരിക്കുകയും ചെയ്യാൻ അവർ പ്രത്യേകമായി വിളിക്കപ്പെട്ടി

രിക്കുന്നു" (LG 33) എന്ന ഒരു ബോധ്യമുണ്ട്. എന്നിരുന്നാലും, ഈ പ്രേഷിത ദൗത്യത്തിനു പുറമേ, "പൗലോസ് അപ്പോസ്തലനെ സഹായിച്ചിരുന്നവരും സുവിശേഷത്തിനായി കർത്താവിൽ വളരെയേറെ അധ്വാനിച്ചവരുമായ സ്ത്രീപുരുഷന്മാരെപ്പോലെ, അല്മായർ പല രീതിയിൽ ഹയരാർക്കിയുടെ പ്രേഷിതദൗത്യത്തിൽ കൂടുതൽ നേരിട്ടു സഹകരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു" (LG 33) എന്ന് നമ്മൾ ഓർമ്മിക്കേണ്ടതാണ്.

ക്രൈസ്തവസമൂഹത്തിലെ മറ്റ് സേവനങ്ങളിൽവച്ച് പ്രത്യേകമായൊരു സേവനമാണ് മതാധ്യാപകർ നിർവഹിക്കുന്നത്. കെരിഗ്മയുടെ പ്രാരംഭ പ്രഘോഷണം മുതൽ ക്രിസ്തുവിലുള്ള നമ്മുടെ പുതിയ ജീവിതം അവതരിപ്പിക്കുന്ന പ്രാരംഭ കൂദാശകൾക്കായുള്ള ഒരുക്കത്തിലും പിന്നീട് ഓരോ വ്യക്തിയുടെയും ഉള്ളിലുള്ള പ്രത്യാശയുടെ വർധനവിനുള്ള തുടർപരിശീലനത്തിനുമായുള്ള വ്യത്യസ്ത ഘട്ടങ്ങളിലൂടെയെല്ലാം വിശ്വാസം കൈമാറുന്ന അജപാലന ശുശ്രൂഷയിൽ വൈദഗ്ധ്യമുള്ളവരാകാൻ മതാധ്യാപകർ പ്രഥമത വിളിക്കപ്പെട്ടിരിക്കുന്നു (cf 1 പത്രോ 3:15). അതേ സമയംതന്നെ, ഓരോ മതാധ്യാപകനും വിശ്വാസത്തിന്റെ സാക്ഷിയും ഗുരുവും, ദൈവികരഹസ്യങ്ങളിൽ ജ്ഞാനമുള്ളവനും (mystagogue)

സുഹൃത്തും സഭയ്ക്കുവേണ്ടി പഠിപ്പിക്കുന്ന പരിശീലകനും (pedagogue) ആയിരിക്കണം. പ്രാർത്ഥന, പഠനം, സമൂഹജീവിതത്തിൽ നേരിട്ടുള്ള പങ്കാളിത്തം എന്നിവയിലൂടെ മാത്രമേ അവർക്ക് ഈ സ്വത്വത്തിലും അതുൾക്കൊള്ളുന്ന സമഗ്രതയിലും ഉത്തരവാദിത്തത്തിലും വളരാൻ കഴിയൂ (മതബോധന ഡയറക്ടറി, 113).

7. ഇന്നത്തെ മാറിയ ചരിത്ര സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതാക്കുക തിരുവചനപാരായണം (lector), അൾത്താര ശുശ്രൂഷ (acolyte) എന്നീ ശുശ്രൂഷകൾ. മാത്രമല്ല, മതബോധനം ഉൾപ്പെടെയുള്ള ശുശ്രൂഷകളെ പിന്തുണയ്ക്കുന്നതിന് മെത്രാൻ സമിതികളെ (episcopal conferences) പ്രോത്സാഹിപ്പിക്കുന്നതിനു കൂടിയാണ് ദീർഘവീക്ഷണത്തോടെ പോൾ ആറാമൻ പാപ്പാ മിനിസ്തേരിയ ക്വേദാം എന്ന അപ്പസ്തോലിക ലേഖനം പ്രസിദ്ധീകരിച്ചത് (cf. Spiritus domini). "ലത്തീൻ സഭയുടെ മുഴുവൻ പൊതുവായ ശുശ്രൂഷകൾക്കു പുറമേ, സ്വന്തം പ്രദേശത്ത് ചില പ്രത്യേക കാരണങ്ങളാൽ അത്യാവശ്യമോ വളരെ ഉപകാരപ്രദമോ ആണെന്ന് മെത്രാൻ സമിതികൾ കരുതുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിന് പരിശുദ്ധ സിംഹാസനത്തോട് ആരായുന്ന

തിന് യാതൊരു തടസ്സവുമില്ല. ഉദാഹരണത്തിന് വാഹകൻ, ഭൂതോച്ചാടകൻ, മതാധ്യാപകൻ തുടങ്ങിയവരുടെ ശുശ്രൂഷകൾ." 'സുവിശേഷ പ്രഘോഷണം' (Evangelii Nuntiandi) എന്ന അപ്പസ്തോലിക പ്രബോധനത്തിലും ഈ സുപ്രധാന ക്ഷണം കാണപ്പെടുന്നുണ്ട്. ക്രൈസ്തവ സമൂഹത്തിന്റെ ഇന്നത്തെ ആവശ്യങ്ങളെ വിവേചിച്ചറിഞ്ഞ് അതിന്റെ ഉത്ഭവത്തോട് വിശ്വസ്തപുലർത്തി തുടർന്നുപോരുന്നതിന് ആഹ്വാനം ചെയ്യുന്ന പോൾ ആറാമൻ പാപ്പാ നവീനമായ അജപാലനപ്രവർത്തങ്ങൾക്കായി ശുശ്രൂഷയുടെ പുതിയ രൂപങ്ങളെ വികസിപ്പിച്ചെടുക്കാൻ പ്രോത്സാഹനം നല്കി. "ഈ ശുശ്രൂഷാപരിപാടികൾ ബാഹ്യവീക്ഷണത്തിൽ നവീനങ്ങളാണെന്നു തോന്നാമെങ്കിലും, അവ സഭയുടെ നൂറ്റാണ്ടുകൾ പഴക്കമുള്ള സജീവാനുഭവങ്ങളോടു ബന്ധപ്പെട്ടവയാണ്. മതോപദേശികൾ... തുടങ്ങിയവരെല്ലാം ഈ ശുശ്രൂഷകരുടെ ഗണത്തിൽപ്പെടുന്നു. അവരുടെയെല്ലാം സേവനങ്ങൾ സഭയുടെ സ്ഥാപനത്തിലും ജീവിതത്തിലും വികസനത്തിലും വിലയേറിയ സംഭാവനകളായിരിക്കും. ഓരോ ചുറ്റുപാടിലും അവർ സഭയുടെ സ്വാധീനം വർധിപ്പിക്കുന്നു; സഭയിൽനിന്നകന്നു ജീവിക്കുന്നവരെ സമീപിച്ച് അവരെ സഭയോട് അടുപ്പിക്കുന്നു (സുവിശേഷപ്രഘോഷണം 73).

ഉറപ്പായിട്ടും "സഭയിൽ അല്മായർക്കുള്ള തനിമയെയും ദൗത്യത്തെയും കുറിച്ച് വർധമാനമായ ബോധമുണ്ടായിട്ടുണ്ട്. ആഴമാർന്ന സമൂഹബോധം, പരോപകാരപ്രവർത്തനങ്ങൾ, മതബോധനം, വിശ്വാസാഘോഷം എന്നിവയോട് വലിയ വിശ്വസ്തതയുള്ള ധാരാളം അല്മായരുണ്ട്, അവരുടെ സംഖ്യ ആവശ്യത്തിനു മാത്രമായിട്ടില്ലെങ്കിലും" (സുവിശേഷത്തിന്റെ സന്തോഷം 102). മതാധ്യാപനം പോലുള്ള അല്മായ ശുശ്രൂഷയുടെ സ്വീകരണം ജ്ഞാനസ്നാനമേറ്റ ഓരോ വ്യക്തിക്കുമുള്ള ഉചിതമായ മിഷണറി പ്രതിബദ്ധതയെ, ഏതെങ്കിലും തരത്തിലുള്ള വൈദിക മേധാവിത്വം ഒഴിവാക്കിക്കൊണ്ട് പൂർണമായും 'മതേതരമായ' രീതി നടപ്പാക്കേണ്ട പ്രതിബദ്ധതയെ, കൂടുതൽ ഊന്നിപ്പറയുന്നു.

8. ശുശ്രൂഷയ്ക്ക് അതിന്റെ സ്ഥാപനക്രമമനുസരിച്ച് (The Rite of Institution) ദൈവവിളിയുടെ ഒരു തലമുള്ളതുകൊണ്ട് മെത്രാന്റെ വിവേചനാധികാരം അത് ആവശ്യപ്പെടുന്നു. വാസ്തവത്തിൽ ഇത് പ്രാദേശികസഭയിലെ അജപാലനാവശ്യങ്ങൾ തിരിച്ചറിഞ്ഞ് രൂപതാ മെത്രാൻ നല്കുന്ന സുസ്ഥിരമായ ഒരു സേവനമാണെങ്കിലും, ശുശ്രൂഷയുടെ സ്വഭാവം ആവശ്യപ്പെടുന്നതനു

സരിച്ച് അത് അല്മായരുടെ പ്രവൃത്തിയായി നിർവഹിക്കപ്പെടുന്നു. മതാധ്യാപകൻ എന്ന സ്ഥാപിത ശുശ്രൂഷയിലേക്ക് വിളിക്കപ്പെട്ട സ്ത്രീ പുരുഷന്മാർ വിശ്വാസവും മാനുഷിക പക്വതയുമുള്ളവരും ക്രൈസ്തവ സമൂഹത്തിന്റെ ജീവിതത്തിൽ സജീവപങ്കാളിത്തമുള്ളവരും മറ്റുള്ളവരെ സ്വാഗതം ചെയ്യാൻ പ്രാപ്തിയുള്ളവരും ഔദാര്യമുള്ളവരും സാഹോദര്യകൂട്ടായ്മയിൽ ജീവിക്കുന്നവരുമായിരിക്കണം. സത്യവിശ്വാസത്തിന്റെ സമർത്ഥരായ വക്താക്കൾ എന്ന നിലയിൽ അവർക്ക് ബൈബിളിലും ദൈവശാസ്ത്രത്തിലും അജപാലന കാര്യങ്ങളിലും ബോധനശാസ്ത്രത്തിലും ഉചിതമായ രൂപീകരണം ലഭിക്കേണ്ടതും മതബോധനത്തിൽ മുൻകാല പരിചയം ഉണ്ടായിരിക്കുകയും വേണം (CD 14; CIC can. 231/1; CCEO can. 409/1). അവർ പുരോഹിതരുടെയും ഡീക്കന്മാരുടെയും വിശ്വസ്ത സഹപ്രവർത്തകരും, ആവശ്യമുള്ളിടത്തെല്ലാം അവരുടെ ശുശ്രൂഷ ചെയ്യാൻ തയ്യാറുള്ളവരും യഥാർത്ഥ അപ്പോസ്തോലിക ചൈതന്യത്തിൽ പ്രചോദിതരുമായിരിക്കണം.

ആയതിനാൽ, ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടും
അപ്പോസ്തലിക അധികാരം ഉപയോഗിച്ചുകൊണ്ടും,

**ഞാൻ അല്മായ മതബോധന ശുശ്രൂഷ സ്ഥാപിക്കുന്നു**

ആരാധനയ്ക്കും കൂദാശകളുടെ ക്രമത്തിനുമായുള്ള തിരുസംഘം അല്മായ മതബോധന ശുശ്രൂഷയുടെ സ്ഥാപനക്രമം (the Rite of Institution) ഉടൻതന്നെ പ്രസിദ്ധീകരിക്കും.

9. ഈ അപ്പോസ്തലിക ലേഖനത്തിന്റെ ഉള്ളടക്കത്തിനനുസരിച്ച്, മതബോധന ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ട സ്ത്രീപുരുഷന്മാർക്ക് ആവശ്യമായ രൂപീകരണ പ്രക്രിയയിലൂടെ ഈ ശുശ്രൂഷയിൽ പ്രവേശിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർണയിക്കുന്നതിനും ഏറ്റവും അനുയോജ്യമായ ശുശ്രൂഷാ രീതികൾ നിർവഹിച്ച് മതാധ്യാപക ശുശ്രൂഷയെ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും മെത്രാൻ സമിതികളെ ഞാൻ ക്ഷണിക്കുന്നു.

10. ഇവിടെ സ്ഥാപിച്ചിട്ടുള്ള കാര്യങ്ങൾ പൗരസ്ത്യ സഭകളുടെ സിനഡുകൾക്കും ഹയരാർക്കി സമ്മേളനങ്ങൾക്കും സ്വയാധികാര *(sui iuris* )സഭകളുടെ പ്രത്യേക നിയമപ്രകാരം സ്വീകരിക്കാവുന്നതാണ്.

11. കൗൺസിൽ പിതാക്കന്മാരുടെ പ്രബോധനങ്ങൾ അനുസരിക്കുന്നതിന് മെത്രാന്മാർ എല്ലാ ശ്രമങ്ങളും നടത്തണം: "സഭയ്ക്ക് ലോകത്തോടുള്ള രക്ഷാ

കര ദൗത്യം മുഴുവൻ തങ്ങളിൽത്തന്നെ നിക്ഷിപ്തമായിരിക്കുന്ന തരത്തിൽ അവർ നിയമിക്കപ്പെട്ടിട്ടില്ല; പ്രത്യുത, തങ്ങളുടെ ബഹുമാന്യമായ കടമ വിശ്വാസികൾ മുഴുവനും തങ്ങളുടേതായ രീതിയിൽ പൊതുവായ പ്രവർത്തനങ്ങളിൽ ഏകമനസ്സോടെ സഹകരിക്കത്തക്കവിധം അവരെ മേയ്ക്കുകയും അവരുടെ സേവനങ്ങളും വരദാനങ്ങളും അംഗീകരിക്കുകയും ചെയ്യുകയാണെന്നും അജപാലകർക്കറിയാം" (LG 30). സഭയുടെ മേൽ തന്റെ വിവേചനവരങ്ങൾ ചൊരിയുന്നതിൽ ഒരിക്കലും കുറവു വരുത്തിയിട്ടില്ലാത്ത പരിശുദ്ധാത്മാവ്, തങ്ങളുടെ സമൂഹങ്ങളുടെ വളർച്ചയ്ക്കായുള്ള അല്മായ മതബോധന ശുശ്രൂഷകരുടെ പരിശ്രമങ്ങളെ ഫലമണിയിക്കട്ടെ!

Motu proprio ആയി പുറപ്പെടുവിച്ചിരിക്കുന്ന ഈ അപ്പോസ്തലിക ലേഖനത്തിന്, വ്യക്തവും സുസ്ഥിരവുമായ ഫലമുണ്ടാകണമെന്ന് ഞാൻ കല്പിക്കുന്നു. ഇതിന് വിരുദ്ധമായതൊന്നും, സവിശേഷപരാമർശത്തിന് അർഹമാണെങ്കിൽപോലും നിലനിൽക്കുന്നതല്ല. ഇത് 'ഒസ്സെർവത്തോരെ റൊമാനോ'യിൽ പ്രസിദ്ധീകരിക്കണമെന്നും അതേ ദിവസം തന്നെ പ്രാബല്യത്തിൽ വരണമെന്നും തുടർന്ന് *ActaApostolicaeSedis* ന്റെ ഔദ്യോഗിക കമന്ററിയിൽ പ്രസിദ്ധീകരിക്കണമെന്നും ഞാൻ കൽപിക്കുന്നു.

റോമിൽ,
വിശുദ്ധ യോഹന്നാന്റെ ലാറ്ററൻ ബസിലിക്കയിൽ വച്ച്, പുരോഹിതനും തിരുസഭയുടെ വേദപാരംഗതനുമായ ആവിലായിലെ വിശുദ്ധ യോഹന്നാന്റെ ഓർമ ദിനത്തിൽ, മെയ് മാസം പത്താം തിയതി 2021, എന്റെ അപ്പോസ്തോലിക ശുശ്രൂഷയുടെ ഒമ്പതാം വർഷം നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**
**പി.ഒ.സി കേരളകത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം**
**കൊച്ചി- 682025**



# കച്ചേരിക്കാര്യം

## 1. പുതിയ നിയമനങ്ങൾ

ബഹു. വൈദികർ

| | | |
|---|---|---|
| വള്ളോപ്പിള്ളി അബ്രഹാം | : | പാസ്റ്ററൽ മിനിസ്ട്രി പഞ്ചാബ് മിഷൻ, ഫരീദാബാദ് രൂപത |
| തൂങ്കുഴി ഡൊമിനിക് | : | വികാരി, കണ്ണോത്ത് |
| വള്ളോപ്പിള്ളി സൈമൺ | : | വികാരി, തേഞ്ഞിപ്പലം |
| പാലക്കാട്ട് ജോസഫ് | : | ഡയറക്ടർ, മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്റർ |
| മുണ്ടനാട്ട് ജോർജ്ജ് | : | ആനിമേറ്റർ, ഡിഗ്രി ബ്രദേഴ്സ് |

## 2. മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ചരമവാർഷികദിനം

ജൂൺ 11, വെള്ളിയാഴ്ച നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 27-ാം ചരമവാർഷികദിനമാണ്. അന്നേദിവസം രാവിലെ 6.30 ന് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ വി. കുർബാനയും മറ്റു ശുശ്രൂഷകളും ഉണ്ടായിരിക്കുന്നതാണ്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പൊതുവായ ചടങ്ങുകളിൽ പങ്കെടുക്കാൻ സാധ്യമല്ലെങ്കിലും അഭിവന്ദ്യ പിതാവിനുവേണ്ടി പള്ളിച്ചിലവിൽ വി. കുർബ്ബാനയും ഒപ്പീസും ചൊല്ലി പ്രാർത്ഥിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

## 3. വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ - ജൂൺ 29 കടമുള്ള ദിവസം

സീറോ മലബാർ സഭയുടെ പ്രത്യേക നിയമപ്രകാരം, വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസമായ ജൂൺ 29 കടമുള്ള ദിവസമാണെന്ന് ഓർമ്മിപ്പിക്കുന്നു. ഇക്കാര്യം ദൈവജനത്തെ അറിയിക്കേണ്ടതും അതനുസരിച്ച് ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, സാധ്യമെങ്കിൽ വി. കുർബാനയുടെ സമയം ക്രമീകരിക്കേണ്ടതുമാണ്.

## 4. പത്രോസിന്റെ കാശ്

ആഗോളസഭയുടെ പ്രവർത്തനങ്ങളിൽ വിശ്വാസികൾ എല്ലാവരും പങ്കാളികളാകുന്നതിന്റെ ഭാഗമായി വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് അന്നേദിവസമോ അതിനടുത്തുള്ള ഞായറാഴ്ചയോ വി. കുർബാനമദ്ധ്യേ സ്തോത്രക്കാഴ്ച എടുക്കുകയും അത് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

## 5. ദുക്റാനതിരുനാൾ, സീറോ മലബാർ സഭാദിനം

നമ്മുടെ വിശ്വാസ പൈതൃകത്തിന്റെ പിതാവായ മാർ തോമാശ്ലീഹായുടെ

മരണത്തിരുനാളായ ജൂലൈ 3 കടമുള്ള ദിവസമായി നാം ആചരിക്കുന്നു. ദുക്റാനത്തിരുനാളിന് ഒരുക്കമായി തൊട്ടുമുൻപുള്ള ദിവസങ്ങളിൽ വിശുദ്ധനോടുള്ള നൊവേന ചൊല്ലുന്നത് ഉചിതമായിരിക്കും.

നമ്മുടെ പിതാവായ വി. തോമാശ്ലീഹായുടെ തിരുനാൾ സീറോ മലബാർ സഭാദിനമായും ആചരിക്കുന്നു. സഭയ്ക്കുവേണ്ടിയും സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാനും ഈ ദിവസം നാം മാറ്റിവെച്ചിരിക്കുന്നു. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച, സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സീറോ മലബാർ സഭാകേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കുന്നതാണ്. ആളൊന്നിന് 2 രൂപ പ്രകാരമാണ് ഓരോ ഇടവകയിൽ നിന്ന് സഭാദിനപ്പിരിവായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടത്.

### 6. ആദരാഞ്ജലികൾ

ബഹു. ആൻണി കാരികുന്നേലച്ചന്റെ പിതൃസഹോദരൻ ഫിലിപ്പ്, ഭാര്യ മേരി ഫിലിപ്പ്, മകൻ തോമസ് ഫിലിപ്പ്, മരുമകൾ സ്മിത തോമസ് എന്നിവർ അഹമ്മദാബാദിൽ വെച്ച് കോവിഡ് മൂലം മരണമടഞ്ഞു. വിലങ്ങാട് ഇടവകയിലെ കാരികുന്നേൽ കുടുംബാംഗങ്ങളാണ്. ഇവരെ ദൈവ കരങ്ങളിൽ സമർപ്പിക്കുന്നതോടൊപ്പം ദുഃഖാർത്ഥരായ കുടുംബാംഗങ്ങളെയും ബന്ധുക്കളെയും താമരശ്ശേരി രൂപതയുടെ അനുശോചനം അറിയിക്കുകയും പ്രാർത്ഥനയിൽ സ്മരിക്കുകയും ചെയ്യുന്നു.

### 7. വൈദികരുടെ വാർഷിക ധ്യാനം

നമ്മുടെ വൈദികരുടെ വാർഷിക ധ്യാനം പുല്ലൂരാംപാറ ബഥാനിയായിൽ വച്ച് രണ്ടു ബാച്ചുകളിലായി നടത്തപ്പെടുന്നു. ആദ്യബാച്ച് സെപ്റ്റംബർ 12 ഞായറാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിച്ച് 17 വെള്ളിയാഴ്ച ഉച്ചയ്ക്ക് അവസാനിക്കുന്നു. രണ്ടാമത്തെ ബാച്ച് സെപ്റ്റംബർ 19 ഞായറാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിച്ച് 24 വെള്ളിയാഴ്ച ഉച്ചയ്ക്ക് അവസാനിക്കുന്നു. ബാച്ച് തിരിച്ചുള്ള ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

### 8. സ്മരണാഞ്ജലി

| | | |
|---|---|---|
| 04-06-1985 | - | റവ. ഫാ. സിറിയക് ചെമ്മാഴം |
| 08-06-1977 | - | റവ. ഫാ. തോമസ് കോട്ടൂർ |
| 09-06-1986 | - | റവ. ഫാ. ജോൺ വിയാനി സി.എം.ഐ. |
| 10-06-1994 | - | റവ. ഫാ. സെബാസ്റ്റ്യൻ പുളിയമ്മാക്കൽ |
| **11-06-1994** | **-** | **മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി** |
| **11-06-2005** | **-** | **റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര** |
| **19-06-2006** | **-** | **റവ. ഫാ. പോൾ മൂശാരിയേട്ട്** |
| 21-06-2001 | - | മോൺ. ജേക്കബ് വാരിക്കാട്ട് |
| **21-06-2008** | **-** | **റവ. ഫാ. ജോസഫ് അടിപുഴ** |
| 24-06-1974 | - | റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ |
| **24-06-2009** | **-** | **മോൺ. സി. ജെ വർക്കി കുഴികുളം** |
| 25-06-1970 | - | റവ. ഫാ. ഫുൾജെൻസിയൂസ് സി.എം.ഐ. |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹസ്മരണയ്ക്ക്




**റവ. ഫാ. ജോസഫ്**
**അരഞ്ഞാണിപുത്തൻപുര**
11-06-2005



**റവ. ഫാ. പോൾ**
**മൂശാരിയേട്ട്**
19-06-2006



**റവ. ഫാ. ജോസഫ്**
**അടിപുഴ**
21-06-2008



**മോൺ. സി. ജെ**
**വർക്കികുഴികുളം**
24-06-2009

# വിശ്വാസപരിശീലനം

കോവിഡ് വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തേക്കാളും കൂടുതൽ നന്നായി ഈ വർഷം വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ചെയ്യാൻ നാം ശ്രമിക്കുകയാണ്. കുട്ടികൾക്ക് കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യാനും വിശ്വാസപരിശീലനം ജീവിതബന്ധിയാക്കാൻ ഉതകുന്ന പ്രവർത്തനനിരതമായ വിശ്വാസപരിശീലന പദ്ധതിയാണ് ഈ വർഷം നാം വിഭാവനം ചെയ്യുന്നത്. എല്ലാം ഭംഗിയായി നടക്കാൻ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും പിന്തുണയും ആവശ്യമാണ്.

## പ്രവർത്തനനിരതമായ വിശ്വാസപരിശീലനം

ഓരോ അദ്ധ്യായത്തോടൊപ്പം രൂപതയിൽ നിന്ന് അയച്ചുതരുന്ന മൂന്ന് തരത്തിലുള്ള പ്രവർത്തനങ്ങൾ കുട്ടികൾ വർക്ക് ബുക്കുകളിൽ ചെയ്ത് മാർക്ക് നേടുന്ന രീതിയാണിത്. പരീക്ഷയുടെ 50 ശതമാനം മാർക്ക് ഈ പ്രവർത്തനങ്ങൾക്ക് ആയിരിക്കും. പ്രവർത്തനങ്ങൾ വിലയിരുത്താൻ അധ്യാപകർ ഉചിതമായ സന്ദർഭങ്ങളിൽ കുട്ടികളോടൊപ്പം മീറ്റിംഗ് കൂടാവുന്നതാണ്.

## പൊതു നിർദ്ദേശങ്ങൾ

- ഈ വർഷത്തെ മതബോധന പ്രമേയം **'കർത്താവേ അങ്ങാണ് എന്റെ പ്രത്യാശ.'** (സങ്കീ. 71:5)
- മതബോധന പ്രമേയം അടങ്ങിയ ഒരു കലണ്ടർ എല്ലാ വികാരി അച്ചന്മാർക്കും അധ്യാപകർക്കും നൽകുന്നതാണ്.
- 0,11,12 ക്ലാസുകളിലേക്കുള്ള ഉപപാഠപുസ്തകം ഈ വർഷം പുതിയതായിരിക്കും. 'സത്യങ്ങളും വസ്തുതകളും: 33 ചോദ്യോത്തരങ്ങളിലൂടെ' എന്നതാണ് പുതിയ ഉപപാഠ പുസ്തകത്തിന്റെ പേര്. ഈ പുസ്തകം 3 ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാം ഭാഗം പത്താം ക്ലാസിനും രണ്ടാം ഭാഗം 11-ാം ക്ലാസിനും, മൂന്നാം ഭാഗം 12-ാം ക്ലാസിനുമുള്ള പാഠഭാഗങ്ങളാണ്. നിലവിലുള്ള ഉപപാഠപുസ്തകം ഉണ്ടാകില്ല. എന്നാൽ പത്താംക്ലാസിൽ മാത്രം **'വിശ്വാസവഴിയിലെ സംശയങ്ങൾ'** എന്ന പുസ്തകത്തിലെ ക്രിസ്തീയ ധാർമികതയും ചില പ്രശ്നങ്ങളും (പേജ് 235 .243) എന്ന ഭാഗം കൂടി പഠിക്കണം.
- പ്രധാന അധ്യാപക സംഗമം കോവിഡിന്റെ പശ്ചാത്തലത്തിൽ മേഖല തിരിച്ച് ഗൂഗിൾ മീറ്റ് വഴിയോ അല്ലാതെയോ നടക്കുന്നതാണ്.
- കോവിഡ് സാഹചര്യം അനുകൂലമെങ്കിൽ മതാധ്യാപകരുടെ മേഖല തിരിച്ചുള്ള സംഗമങ്ങൾ നടത്തുന്നതാണ്. അല്ലാത്തപക്ഷം 50 പേരുടെ ഗ്രൂപ്പുകളായി തിരിച്ച് വിവിധ ഫൊറോനകളിൽ Empowerment പ്രോഗ്രാം സംഘടിപ്പിക്കുന്നതാണ്.

- മതാധ്യാപകർക്കുള്ള തുടർപരിശീലനത്തിന്റെ ഭാഗമായി **'സത്യങ്ങളും വസ്തുതകളും'** ഭാഗം 1 ഉം ഭാഗം 3 ഉം പഠിക്കേണ്ടതാണ്. പരീക്ഷ ഗൂഗിൾ ഫോം വഴി ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള 50 ചോദ്യങ്ങൾ ആയിരിക്കും.
- D.CAT ഓരോ ക്ലാസിലെയും അധ്യാപകരുടെ ഒരുമിച്ചുള്ള ഗൂഗിൾ മീറ്റ് സംഗമങ്ങൾ വരും മാസങ്ങളിൽ ക്രമീകരിക്കുന്നതാണ്.
- M.CAT (Media Catechesis) വിശ്വാസപരിശീലനം മാധ്യമങ്ങൾ വഴി പ്രോത്സാഹിപ്പിക്കാൻ ഓരോ ഇടവകയും വിശ്വാസസംബന്ധമായ ഒരു വീഡിയോ എങ്കിലും തയ്യാറാക്കി രൂപതയുടെ യൂട്യൂബ് ചാനൽ വഴി സംപ്രേഷണം ചെയ്യാൻ നൽകേണ്ടതാണ്.
- ഈ വർഷം പ്രതിഭാസംഗമം ഉണ്ടായിരിക്കുന്നതല്ല.
- വേദപാഠം പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് ഈ വിശ്വാസ പരിശീലന വർഷത്തിൽ ഓൺലൈൻ ആയോ നേരിട്ടോ ഒരു മണിക്കൂർ എങ്കിലും ഉള്ള ഒരു സെമിനാർ സംഘടിപ്പിക്കേണ്ടതാണ്.

## ഓൺലൈൻ വിശ്വാസ പരിശീലനത്തിന് കൃത്യമായ ഒരു സമയം.

- ഞായറാഴ്ച കൃത്യമായി നിശ്ചയിക്കപ്പെട്ട ഒന്നര മണിക്കൂർ വിശ്വാസ പരിശീലനത്തിനായി മാറ്റി വയ്ക്കുക. ഈ ഒന്നര മണിക്കൂറിൽ അധ്യാപകരും കുട്ടികളും ഓൺലൈനിൽ ഉണ്ടായിരിക്കണം.

  സീറോ മലബാർ കാറ്റകെറ്റിക്കൽ കമ്മീഷൻ കാക്കനാട് തയ്യാറാക്കുന്ന ഓൺലൈൻ വിശ്വാസ പരിശീലന ക്ലാസ്സുകൾ ആയിരിക്കും Catechesis Thamarassery എന്ന നമ്മുടെ യൂട്യൂബ് ചാനൽ വഴി അയച്ചു നൽകുന്നത്. കൂടാതെ ഇടദിവസങ്ങളിൽ ശാലോം, ഗുഡ്നെസ്, ഷെക്കീന ചാനലുകൾ വഴി ഈ ക്ലാസുകൾ സംപ്രേഷണം ചെയ്യുന്നതാണ്.
- ഓരോ രൂപതയും ഓരോ ക്ലാസ്സുകൾ തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബൈബിൾ നഴ്സറി ക്ലാസുകൾ ആയിരിക്കും താമരശ്ശേരി രൂപത തയ്യാറാക്കി നൽകുന്നത്.

## സ്റ്റാഫ് മീറ്റിംഗ്

- ഇടവകയിൽ വിശ്വാസപരിശീലനം ആരംഭിക്കുന്നതിന് മുമ്പ് ബഹുമാനപ്പെട്ട വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും ഓരോ ക്ലാസ്സിലേക്കുമുള്ള അധ്യാപകരെ തീരുമാനിക്കുകയും ഈ വർഷത്തിൽ വിശ്വാസപരിശീലനം കൂടുതൽ സജീവമാകുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്യുക.

### വാട്സ്ആപ്പ് ഗ്രൂപ്പ്

- വാട്സ്ആപ്പ് ഗ്രൂപ്പുകൾ കൂടുതൽ സജീവമാക്കുക. ബഹുമാനപ്പെട്ട വികാരി അച്ചന്മാരും ഹെഡ്മാസ്റ്റർമാരും എല്ലാ ഗ്രൂപ്പുകളിലും അംഗങ്ങൾ ആകുകയും വിശ്വാസപരിശീലന പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുക.

### HCC-I, HCC-II (Higher Course in Catechesis)

- ജൂൺ 10 നുള്ളിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ HCC രജിസ്ട്രേഷൻ ഫോം കുട്ടികൾക്ക് വിതരണം ചെയ്യുകയും ജൂലൈ 12 നുള്ളിൽ മതബോധന ഓഫീസിൽ സമർപ്പിക്കുകയും ചെയ്യുക.
- HCC-I, HCC-II രജിസ്ട്രേഷൻ ഫീസ് ഈ വർഷം മുതൽ 200 രൂപ ആയിരിക്കും.
- HCC രജിസ്ട്രേഷൻ ഫോമുകൾ ഓരോ ഇടവകയ്ക്കും ആവശ്യമുള്ളതു ഹെഡ്മാസ്റ്റർമാർ മേഖലാ സംഗമത്തിൽ മേഖല പ്രസിഡന്റിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

### ഒന്നാം ക്ലാസ് പ്രവേശനം.

- വിശ്വാസപരിശീലനം ആരംഭിക്കുന്നതോടൊപ്പം തന്നെ ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശന നടപടികൾ പൂർത്തിയാക്കുകയും മാതാപിതാക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുകയും ചെയ്യുക.
- ഒന്നാം ക്ലാസ് പ്രവേശനഫോമുകൾ, HCC രജിസ്ട്രേഷൻ ഫോമുകൾ, മതാധ്യാപക സർവേ ഫോമുകൾ, പ്രൈമറി റിപ്പോർട്ട് ഫോമുകൾ, കലണ്ടർ, പ്രാർത്ഥനകൾ എന്നിവ ലഭ്യമാണ്. ഹെഡ്മാസ്റ്റർ മറക്കാതെ കൊണ്ടുപോകേണ്ടതാണ് .

### ബൈബിൾ നേഴ്സറി

- ബൈബിൾ നേഴ്സറി ക്ലാസുകൾ ആരംഭിക്കാത്ത പള്ളികളിൽ ഈ വർഷം കുഞ്ഞുങ്ങളെ ഏകോപിപ്പിച്ച് ക്ലാസുകൾ ആരംഭിക്കേണ്ടതാണ്.

### ചാനൽ സബ്സ്ക്രൈബ് ചെയ്യുക

- Catechesis Thamarassery എന്ന യൂട്യൂബ് ചാനൽ എല്ലാവരും സബ് സ്ക്രൈബ് ചെയ്യുക.

### പുസ്തകങ്ങൾ

- കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം എടുക്കുകയും ജൂൺ അവസാനത്തോടെ അത് അവർക്ക് എത്തിച്ചുകൊടുക്കാൻ ഉള്ള ക്രമീകരണം ഇടവകാതലത്തിൽ ചെയ്യുക.
- ഉപപാഠപുസ്തകങ്ങളെല്ലാം തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ ഉപപാഠ പുസ്തകങ്ങൾ പാഠപുസ്തകത്തോടൊപ്പം കൊണ്ടു പോകേണ്ടതാണ്.
- കോവിഡിന്റെ സാഹചര്യത്തിൽ ഫണ്ടിന്റെ പ്രശ്നങ്ങൾ ഉള്ളതിനാൽ ഉപപാഠ

പുസ്തകം, പാഠപുസ്തകങ്ങൾ, ചോദ്യപേപ്പർ, ഗുരുദക്ഷിണ എന്നിവയുടെ തുകകൾ ആരംഭത്തിൽ തന്നെ എല്ലാവരും നൽകേണ്ടതാണ്.

**ജൂലൈ 1**

- സൺഡേ സ്കൂളുമായി ബന്ധപ്പെട്ട പ്രാഥമിക റിപ്പോർട്ടും അധ്യാപകരുടെ വിവരങ്ങളും ജൂലൈ 1 ന് ഓഫീസിൽ എത്തിക്കുന്നതോടൊപ്പം ഗുരുദക്ഷിണയും ചോദ്യപേപ്പറിന്റെ തുകയും നൽകേണ്ടതാണ്. ഇതോടൊപ്പം സെക്രട്ടറിമാർ കഴിഞ്ഞ വിശ്വാസ പരിശീലനവർഷത്തെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി നൽകുക.

**ഹെഡ്മാസ്റ്റർമാർ**

- രണ്ടുമാസത്തിലൊരിക്കൽ സ്റ്റാഫ് മീറ്റിംഗ് വിളിച്ചുകൂട്ടി വിശ്വാസ പരിശീലനപ്രവർത്തനങ്ങൾ വിലയിരുത്തുക.
- വികാരി അച്ചനുമായി ആലോചിച്ച് മാസത്തിലൊരിക്കൽ ഓരോ ക്ലാസ്സുകൾക്കും ഒരുമിച്ചു കൂടാനും പ്രവർത്തനങ്ങൾ വിലയിരുത്തുവാനുള്ള അവസരം നൽകുക.
- പ്രവർത്തന നിരതമായ വിശ്വാസ പരിശീലനത്തെക്കുറിച്ചു അധ്യാപകർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുക.
- ഇടവകയിൽ വിശ്വാസപരിശീലനം ആരംഭിക്കുന്നതിന് മുമ്പ് അധ്യാപകരെ എല്ലാവരെയും ഒരുമിച്ചുകൂട്ടി ആരാധനയും പ്രാർത്ഥനയും നടത്തി ക്ലാസ് ആരംഭിക്കുവാൻ ശ്രദ്ധിക്കുക.

**അധ്യാപകർ ശ്രദ്ധിക്കാൻ**

- ഓൺലൈൻ വിശ്വാസപരിശീലനം കൂടുതൽ ഊർജ്ജസ്വലമാക്കുവാൻ അധ്യാപകർ ശ്രദ്ധിക്കണം.
- ഈ വിശ്വാസപരിശീലന വർഷത്തിൽ പഠിപ്പിക്കുന്ന കുട്ടികളുടെ മാതാപിതാക്കളുമായുള്ള രണ്ട് Google മീറ്റ് എങ്കിലും ബഹുമാനപ്പെട്ട വികാരി അച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ സാന്നിധ്യത്തിൽ ഓരോ അധ്യാപകരും ക്രമീകരിക്കാൻ ശ്രദ്ധിക്കണം.
- പ്രവർത്തനത്തിൽ അധിഷ്ഠിതമായ ഒരു പാഠ്യപദ്ധതി ആയിരിക്കും ഈ വർഷം വിഭാവനം ചെയ്യുന്നത്. അർദ്ധവാർഷിക, വാർഷിക പരീക്ഷകളുടെ മാർക്ക് 100 ൽ 50 മാർക്ക് കുട്ടികൾ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ആയിരിക്കും.
- ഓരോ ക്ലാസ്സിനോടൊപ്പം 3 തരത്തിലുള്ള പ്രവർത്തനങ്ങളും കുട്ടികൾക്ക് രൂപതയിൽ നിന്ന് അയച്ചു നല്കുന്നതാണ്.
- ഓരോ പ്രവർത്തനങ്ങളും രണ്ടു ഞായറാഴ്ച കൊണ്ട് പൂർത്തിയാക്കാനുള്ളതാണ്.
- പ്രവർത്തനങ്ങൾ കുട്ടികൾ വീട്ടിലിരുന്നു തന്നെ വർക്ക് ബുക്കുകളിൽ ചെയ്യേണ്ടതാണ്.
- അദ്ധ്യാപകർ കുട്ടികൾക്ക് കൃത്യമായ points നൽകേണ്ടതാണ്. ഒരു സെമസ്റ്ററിൽ ചെയ്യുന്ന മുഴുവൻ പ്രവർത്തനങ്ങളുടെയും ശതമാനം രേഖപ്പെടുത്തി 50 ൽ മാർക്ക് നൽകേണ്ടതാണ്.

- ഓരോ അധ്യാപകരും മാസത്തിലൊരിക്കൽ ക്ലാസിലെ കുട്ടികളെ സൗകര്യപ്രദമായ ഒരു ദിവസം ഒരുമിച്ചുകൂട്ടി പ്രവർത്തനങ്ങൾ വിലയിരുത്തി മാർക്ക് നൽകുക.
- കോവിഡ് രൂക്ഷമാകുന്ന സാഹചര്യത്തിൽ മാസത്തിൽ ഒരുമിച്ചു കൂടാൻ സാധിക്കാത്ത അവസരത്തിൽ അർദ്ധവാർഷിക പരീക്ഷയ്ക്ക് മുൻപ് കുട്ടികളെ വിളുച്ചുകൂട്ടി അവർ ചെയ്ത എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തി പ്രവർത്തനങ്ങൾക്ക് മാർക്ക് നൽകുക.
- രൂപതയിൽ നിന്ന് അയച്ചു നൽകുന്ന ക്ലാസ് കൂടാതെ ക്ലാസ് അധ്യാപകരുടെ 5 മിനിറ്റിൽ ഉള്ള ഒരു ചെറിയ വിശദീകരണ വീഡിയോ എല്ലാ ഞായറാഴ്ചയും കുട്ടികൾക്ക് അയച്ചു നൽകേണ്ടതാണ്.
- കോവിഡിന്റെ സാഹചര്യം ആണെങ്കിലും വികാരി അച്ചനുമായി ചർച്ച ചെയ്ത് കുട്ടികളെ ഇടദിവസങ്ങളിൽ മാസത്തിൽ രണ്ട് തവണ എങ്കിലും വിശുദ്ധ കുർബാനയ്ക്ക് നിർബന്ധമായും ക്ലാസ് അടിസ്ഥാനത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.
- പലരും ആവശ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ ബൈബിൾ നേഴ്സറി, 1,2,3, ക്ലാസ്സുകളിലെ കുട്ടികൾക്കും പ്രവർത്തനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ചോദ്യങ്ങൾ രൂപതയിൽ നിന്ന് നൽകുന്നതാണ്.
- ഓരോ D-Cat ഗ്രൂപ്പിലും രൂപതയിൽ നിന്നും നിശ്ചയിച്ച ഒരു സെക്രട്ടറിയെ *Admin* ആയി നിശ്ചയിച്ചിട്ടുണ്ട്. ഓരോ പാഠങ്ങളോടനുബന്ധിച്ച പ്രവർത്തനങ്ങൾ അവരായിരിക്കും D-Cat ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുന്നത്.

### കുട്ടികൾ

- എല്ലാ കുട്ടികൾക്കും 200 പേജിന്റെ ഒരു വർക്ക് ബുക്ക് ഉണ്ടായിരിക്കണം.
- ഓരോ അധ്യായത്തോടുമൊപ്പം രൂപതയിൽ നിന്ന് നൽകുന്ന ചോദ്യങ്ങളും, ഉത്തരങ്ങളും, പ്രവർത്തനങ്ങളും വ്യക്തമായി നോട്ട് ബുക്കിൽ രേഖപ്പെടുത്തുക.
- ഓരോ അദ്ധ്യായത്തിലെയും പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ശേഷം വർക്ക് ബുക്കിൽ കുട്ടികൾ മാതാപിതാക്കളെക്കൊണ്ട് ഒപ്പിടീക്കേണ്ടതാണ്.
- ഓരോ അദ്ധ്യായവും 2 ഓൺലൈൻ ക്ലാസ്സുകളായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്.
- ഓരോ പ്രവർത്തനവും ചെയ്യുന്നതിന് മുൻപ് പാഠത്തിന്റെ പേരും ആ ക്ലാസ്സ് അയച്ചുതന്ന തിയ്യതിയും ആദ്യം തന്നെ രേഖപ്പെടുത്തേണ്ടതാണ്.
- ചോദ്യങ്ങൾ എഴുതിയ ശേഷം ഓരോ ഉത്തരങ്ങളും രേഖപ്പെടുത്തുക.
- എഴുത്തിനപ്പുറത്തേക്കു നൽകുന്ന പ്രവർത്തങ്ങൾ ചെയ്തശേഷം നിർദ്ദേശിച്ച പ്രവർത്തനം ഞാൻ പൂർത്തിയാക്കി എന്നു രേഖപ്പെടുത്തുക.
- ക്ലാസ്സധ്യാപകന്റെ നിർദേശങ്ങൾക്കനുസരിച്ചു മാസത്തിൽ ഒരിക്കൽ പള്ളിയിൽ ഒരുമിച്ചുകൂടി പ്രവർത്തനത്തിന്റെ മാർക്ക് സ്വീകരിക്കേണ്ടതാണ് .
- പരീക്ഷക്ക് 100 ൽ 50 മാർക്ക് നിങ്ങൾ ചെയ്യുന്ന ഈ പ്രവർത്തനങ്ങൾക്കായിരിക്കും. എല്ലാ പ്രവർത്തനങ്ങളും ഏറ്റവും വൃത്തിയായും സത്യസന്ധമായും ചെയ്യാൻ കുട്ടികൾ പരിശ്രമിക്കുക.

### സ്പിരിചൽ ഷെയറിങ്

വിശ്വാസത്തിൽ ആഴപ്പെടാനും പ്രതിസന്ധികളെ അതിജീവിക്കാനും താമരശ്ശേരി രൂപത വിശ്വാസപരിശീലന കേന്ദ്രം കുട്ടികൾക്കും മാതാപിതാക്കന്മാർക്കും സാന്ത്വന മാകാൻ സ്പിരിചൽ ഷെയറിംഗ് ടീം രൂപീകരിച്ചു. വൈദികരും സമർപ്പിതരും, അ ല്മായരും അടങ്ങുന്ന ഇരുപതോളം ആളുകൾ ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു.

### നിറച്ചാർത്ത് (പെയിന്റിങ് മത്സരം)

ഈ വർഷത്തെ മതബോധന പ്രമേയം 'കർത്താവേ അങ്ങാണ് എന്റെ പ്രത്യാശ' (സങ്കീ 71:5) ധ്യാന വിഷയമാക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികൾക്കും വിശ്വാസ പ രിശീലകർക്കും വേണ്ടി ഒരുക്കുന്ന പെയിന്റിങ് മത്സരമാണ് നിറച്ചാർത്ത്.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

## ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ള മിഷൻലീഗ് അംഗങ്ങളേ,

സഭയുടെ പ്രേഷിത മുന്നേറ്റത്തിനു ഊർജ്ജം പകർന്ന ചെറുപുഷ്പ മിഷൻ ലീഗിന്റെ 75-ാമത്തെ സ്ഥാപക ദിനം ആഘോഷിക്കുന്ന ഈ പ്രവർത്ത ന വർഷത്തിൽ അതിൽ അംഗങ്ങളായ നമുക്ക് ദൈവത്തിന് നന്ദി പറയാം. ഒരു രണ്ടാം കോവിഡ് കാലം നമ്മെ വീണ്ടും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. എങ്കിലും സുവിശേഷവൽക്കരണ ദൗത്യത്തിൽ നമ്മുടെതായ ഉത്തരവാദിത്വ ങ്ങളെ നമുക്ക് സാധിക്കുന്നത്ര പൂർണതയോടെ ഏറ്റെടുക്കാം.

ഈ പ്രവർത്തന വർഷം ഓൺലൈൻ വഴിയായി ആരംഭിക്കുന്നതായിരിക്കും . മതബോധന ക്ലാസുകളിലെ കൂട്ടായ്മ ഉപയോഗിച്ചുകൊണ്ട് തന്നെ മിഷൻ ലീഗി ന്റെ കൊച്ചുകൊച്ചു പ്രവർത്തനങ്ങളും നമുക്ക് ഊർജിതമാക്കാം. വിശ്വാസത്തെയും സഭയെയും വെല്ലുവിളിക്കുന്ന ഒട്ടേറെ സാഹചര്യങ്ങൾക്കിടയിൽ എല്ലാ സഭാത്മ ക സംവിധാനങ്ങളോടും ചേർന്നുനിന്നുകൊണ്ട് പോരാടാൻ നമുക്കാകണം. ഇതി ലൂടെയെല്ലാം വലിയ ആത്മീയ സന്തോഷങ്ങൾ ലഭിക്കുകയാണ് നമ്മുടെ ഏറ്റവും വലിയ ലക്ഷ്യം. വ്യക്തിജീവിതത്തിൽ ആ സന്തോഷത്തിന്റെ വില തിരിച്ചറിഞ്ഞ് ഒട്ടേറെ പേർ ഇന്ന് നമുക്ക് സാക്ഷ്യം നല്കാൻ മുൻപിൽ ഉണ്ട്. എല്ലാം ദൈവരാ ജ്യത്തിന്റെ വളർച്ചയ്ക്കായി ദൈവ മഹത്വത്തിനായി കാഴ്ചവെച്ച് മുൻപോട്ടു പോകു ന്ന ഒരു നല്ല പ്രവർത്തന വർഷം എല്ലാവർക്കും ആശംസിക്കുന്നു.

ഈ പ്രവർത്തനവർഷത്തെ പഠന വിഷയം **'ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്'**

**ജൂൺ പ്രവർത്തനങ്ങൾ**

| | | | |
|---|---|---|---|
| 1 | ചൊവ്വ | - | പ്രവർത്തനവർഷാരംഭം |
| 3 | ബുധൻ | - | പരി. കുർബ്ബാനയുടെ തിരുനാൾ. |
| 6 | ഞായർ | - | ശാഖാ പ്രവർത്തന വർഷ ഉദ്ഘാടനം . |
| 8 | ചൊവ്വ | - | വി. മറിയം ത്രേസ്യ |
| 11 | വെള്ളി | - | ഈശോയുടെ തിരുഹൃദയ തിരുനാൾ, മാർ മങ്കുഴിക്കരി ഓർമ്മ ദിനം |
| 12 | ശനി | - | മാതാവിന്റെ വിമല ഹൃദയ തിരുനാൾ, വി. അന്തോനീസ് |
| 22 | ചൊവ്വ | - | വി.തോമസ് മൂർ |
| 27 | ഞായർ | - | മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരം |
| 29 | ചൊവ്വ | - | വി. പത്രോസ്, പൗലോസ് ശ്ലീഹൻമാർ. |

**മിഷൻ മെഗാ ക്വിസ്**

'മിഷനെ അറിയാം, മിഷനറിയാകാം, മിഷൻലീഗിലൂടെ' എന്ന പഠന വിഷയത്തെ സംബന്ധിച്ചുള്ള അവസാന പ്രോഗ്രാമാണ് ഈ മെഗാ ക്വിസ്. മതബോധനം അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ വരെ പഠിക്കുന്ന മിഷൻലീഗ് അംഗങ്ങൾക്ക് ആൺ പെൺ വ്യത്യാസമില്ലാതെ ഒരുമിച്ചായിരിക്കും മത്സരം. കഴിയുന്നത്ര എല്ലാ കുഞ്ഞു മിഷനറിമാരും പങ്കെടുക്കുക. മെയ് 31 വൈകുന്നേരം 7 മണിക്ക് ഗൂഗിൾ ഫോം വഴി മത്സരം നടത്തുന്നു.

**പഠനഭാഗങ്ങൾ**

**1. വിശുദ്ധർ**

a. വി.കൊച്ചുത്രേസ്യ, b. വി.അൽഫോൻസാമ്മ,

c. വി.തോമാ ശ്ലീഹ, d. വി. ഫ്രാൻസിസ് സേവ്യർ

**2 . മിഷൻ ലീഗ്**

Ref. books നിയമാവലി, മഹാ മിഷനറി, പ്രേഷിത വഴിയിലെ വിജയഗാഥ

3. മിഷൻ രൂപതകൾ (Pdf ൽ നല്കുന്നത്)

4. സഭാവിജ്ഞാനം. (ആനുകാലികം)

**വി. യൗസേപ്പിതാവിന്റെ തിരുനാൾ**

മെയ് ഒന്നാം തീയതി തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആശംസകൾ വാട്ട് സപ് വഴി എല്ലാവർക്കും നൽകി.

### സ്റ്റാർട്ട് കോഴ്സ് അറിയിപ്പ്

സ്പാർക്ക് ഇ ലേണിങ്, സ്റ്റാർ ലൈറ്റ് ഇ 6 ലേണിങ് എന്നീ സ്റ്റാർട്ട് പ്രോഗ്രാമുകളിലേയ്ക്ക് മിഷൻലീഗ് അംഗങ്ങൾ ചേരുവാൻ അറിയിപ്പ് നൽകി.

### മാതൃദിനം

മെയ് 9 ന് ലോക മാതൃദിനത്തോടനുബന്ധിച്ച് വാട്ട്സപ് വഴി ആശംസകൾ അറിയിച്ചു. പ്രത്യേകിച്ച് രൂപതാ മാതൃവേദി അംഗങ്ങൾക്ക് ആശംസകൾ നേർന്നു .

### മെയ് 13

പരി. ഫാത്തിമാ മാതാവിന്റെ തിരുനാളും ഈശോയുടെ സ്വർഗ്ഗാരോഹണ തിരുനാളും ഒരുമിച്ചു വന്ന ഈ ദിവസം ആശംസകൾ നേർന്നു.

### വി. മത്തിയാസ് ശ്ലീഹായുടെ തിരുനാൾ

ഈ ദിവസം വി. മത്തിയാസ് ശ്ലീഹായെക്കുറിച്ചുള്ള ഒരു കുറിപ്പ് തയ്യാറാക്കി നല്കുകയുണ്ടായി.

### ഗൈഡ് എ ചൈൽഡ്

കുട്ടികൾക്കുവേണ്ടിയുള്ള കൗൺസിലിങ് സെല്ലിനെക്കുറിച്ചുള്ള അറിയിപ്പ് നലകി. കൗൺസിലിങ് ആവശ്യത്തിനായി മിഷൻ ലീഗ്, രൂപതാ മതബോധന കേന്ദ്രം, അൽഫോൻസാ കോളേജ്, കെസിവൈഎം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒരു പ്ലാറ്റ്ഫോം തയ്യാറാക്കി കൊണ്ട് പുതുസംരംഭത്തിന് തുടക്കമായി.

### എക്സിക്യൂട്ടീവ് യോഗം

മെയ് 18 ന് ഗൂഗിൾ മീറ്റ് വഴി യോഗം സംഘടിപ്പിച്ചു. സംസ്ഥാന സമിതിയുമൊരുമിച്ചുള്ള യോഗത്തിന് തിയ്യതി നിശ്ചയിക്കുകയും തുടർന്നു വരുന്ന ദിവസത്തിൽ ഒരു ഇതര യോഗം കൂടുവാനും തീരുമാനിച്ചു.

### ഓൺലൈൻ സംസ്ഥാനകമ്മിറ്റി

മെയ് 24 ന് 3 pm ന് സംസ്ഥാന സെക്രട്ടറിയേറ്റ്, രൂപതാ സെക്രട്ടറിയേറ്റ് എന്നിവയുടെ സംയുക്ത യോഗം google meet വഴി നടന്നു.

### നന്ദി

കഴിഞ്ഞ മൂന്നു വർഷക്കാലം ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപതയുടെ വൈസ് ഡയറക്ടറായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ച സി. സെലിൻ ജോസ് എസ്. എച്ച് ന് നന്ദി അർപ്പിക്കുന്നു. ബഹു. സിസ്റ്റർ ബി.എഡ് പഠനം ആരംഭിച്ചിരിക്കുന്നു. എല്ലാ വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു.

**സ്വാഗതം**

ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപതയുടെ പുതിയ വൈസ് ഡയറക്ടറായി ആയി നിയമിതയായ സി. ആൻ മരിയ എഫ് സി സി ക്ക് സ്വാഗതം ആശംസിക്കുന്നു.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

## തിരുബാലസഖ്യം

പ്രാർത്ഥനയും പരിത്യാഗങ്ങളും വഴി അനാഥരും അവശരുമായി കഴിയുന്ന ശിശുക്കളെ സഹായിക്കുന്ന കൊച്ചു കുട്ടികളുടെ ഭക്തസംഘടനയാണ് തിരുബാലസഖ്യം. രൂപതാ മതബോധന പ്രവർത്തനങ്ങളോടു ചേർന്ന് കൊച്ചു കുട്ടികളെ പ്രാർത്ഥനയിലും ഭക്ത കൃത്യങ്ങളിലും ഏകോപിപ്പിച്ച് കൊണ്ടുപോകുന്നതിനായി നമ്മുടെ രൂപതയിലെ തിരുബാലസഖ്യം സംഘടന ഈ വർഷം ഒരു പുതിയ മാർഗ്ഗരേഖ രൂപവത്കരിച്ചിട്ടുണ്ട്. ഇപ്പോൾ കോവിഡ് കാലത്തിന് അനുയോജ്യമായ രീതിയിലാണ് ഇത് ക്രമപ്പെടുത്തിയിരിക്കുന്നത്.ബൈബിൾ നേഴ്സറി മുതൽ നാലാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികളുടെ മതാധ്യാപകരും മാതാപിതാക്കളും ഇതിനായി അവരെ സഹായിക്കുമല്ലോ. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും നിന്ന് ഒരു ആനിമേറ്ററിനെ ഇതിനായി തെരഞ്ഞെടുക്കുകയും രൂപതാ ഓഫീസിൽ അറിയിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. ഓരോ മാസത്തേയും പ്രവർത്തനങ്ങൾ ബുള്ളറ്റിനിലും വാട്ട്സ്ആപ്പ് ഗ്രൂപ്പിലും നല്കുന്നതാണ്.

ഡയറക്ടർ ഫോൺ : 944693 2005.
സി. ആൻ മരിയ എഫ്.സി.സി.
വൈസ് ഡയറക്ടർ ഫോൺ :9745836599.

**ജൂൺ മാസ പ്രോഗ്രാം**

| | | |
|---|---|---|
| പരിചയപ്പെടുന്ന വിശുദ്ധർ | : | വി. പൗലോസ്, വി. പത്രോസ് |
| പ്രാർത്ഥനാ നിയോഗം | : | അദ്ധ്യയന വർഷത്തിനുവേണ്ടി |
| സുകൃതജപം | : | ഈശോയുടെ തിരുഹൃദയമേ, അങ്ങയുടെ രാജ്യം വരണമേ. |
| വചനം | : | 'എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും.' (ഫിലി.4:13) |

6 ഞായർ - പ്രവർത്തന വർഷ ഉദ്ഘാടനം - മാർഗ്ഗരേഖ പ്രകാശനം.

8 ചൊവ്വ - വി. മറിയം ത്രേസ്യായുടെ തിരുനാൾ

11 വെള്ളി - ഈശോയുടെ തിരുഹൃദയതിരുനാൾ

12 ശനി - പരി. മാതാവിന്റെ വിമലഹൃദയതിരുനാൾ

13 ഞായർ - വി. അന്തോനീസിന്റെ തിരുനാൾ
ലൂക്കാ 6:27-36, 1 കോറി. 9:19-27

20 ഞായർ - ലൂക്കാ 12:22-34, 1 കോറി. 14:1-12

29 ശനി - വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ

27 ഞായർ - ലൂക്കാ 12:57-13:5, 1 കോറി. 10:23-31

പ്രവൃത്തി - ഈശോയുടെ തിരുഹൃദയത്തെക്കുറിച്ച് പറഞ്ഞുകൊടുക്കുക. ചൊല്ലിയ ജപമാലകൾ, നിയോഗങ്ങൾ, സുകൃതജപങ്ങൾ എന്നിവ രേഖപ്പെടുത്തി ഒരു ബുക്ക് നിർമ്മിക്കുക.

ഗീതം - 'തിരുഹൃദയ തണലിൽ'

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ്' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ മെയ് മാസത്തെ ക്ലാസുകൾ നയിച്ചത് സീറോ മലബാർ സഭയുടെ ആരാധനക്രമ കമ്മീഷൻ മുൻ സെക്രട്ടറിയും വിവിധ മേജർ സെമിനാരികളിലെ ആരാധനക്രമ അദ്ധ്യാപകനുമായ ബഹു. പോളി മണിയാട്ട് അച്ചനായിരുന്നു . 'വിശുദ്ധ കുർബാനയിലെ അനാഫൊറ : പ്രാധാന്യവും പ്രസക്തിയും' എന്ന വിഷയമാണ് അദ്ദേഹം എടുത്തത്. മെയ് 8 നും 22 നും ആയിരുന്നു ക്ലാസുകൾ എടുത്തത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന

ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ഈ ക്ലാസ്സിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പി. എം.ഒ .സി ഡയറക്ടർ ഡോ. ജോസഫ് കളരിക്കൽ, ഡോ. കുര്യൻ പുരമഠത്തിൽ, റിജോ കൂത്രപ്പള്ളി, ജോബി തെക്കേക്കര എന്നിവർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

### സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാഡമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഈ ക്ലാസ്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 118 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ് നടത്തുന്നത്.

ഈ ക്ലാസിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് 8281346179 എന്ന ഫോൺ നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത എന്നിവർ എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

## സ്റ്റാർട്ട്

### 2021-22-ലെ MTC Course ജൂൺ 15 ന്ആരംഭിക്കുന്നു

സ്റ്റാർട്ടിന്റെ പരിശീലനപരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ചുവരുന്ന ഏകവത്സര പരിശീലനകോഴ്സ് (Master Training Course) ആണല്ലോ. 2006 ൽ നമ്മൾ ആരംഭിച്ച ഈ പ്രത്യേക പരിശീലനപരിപാടി എല്ലാവർഷങ്ങളിലെയുംപോലെ ഈ വർഷവും ജൂൺ 15 ന് ആരംഭിക്കുന്നു. പതിനാറാമത്തെ ഈ ബാച്ചിന്റെ ഉദ്ഘാടനം താമരശ്ശേരി രൂപതയുടെ മെത്രാൻ അഭിവന്ദ്യ റെമിജിയോസ് പിതാവാണ് നിർവഹിക്കുന്നത്. കോവിഡ് 19 ന്റെ അപ്രതീക്ഷിതമായ ആക്രമണത്തിനിടയിലും കഴിഞ്ഞ അക്കാഡമിക് വർഷത്തെ കോഴ്സ് പൂർണമായും

ഓൺലൈനായി ആണ് നടത്തപ്പെട്ടത്. പുതിയ വർഷത്തെ കോഴ്സ് കോവിഡിന്റെ സാഹചര്യം പൂർണ്ണമായി മാറിയില്ലെങ്കിലും ഏതാനും മാസങ്ങൾ കഴിയുമ്പോൾ സ്റ്റാർട്ട് ക്യാമ്പസ്സിൽ വന്നുതാമസിച്ചുള്ള പരിശീലനമായി ഇത് നടത്താൻ സാധിക്കും എന്ന് വിശ്വസിക്കുന്നു.

ഇതര കോച്ചിങ് സെന്ററുകളിൽനിന്നെല്ലാം വ്യത്യസ്തമായി എടുത്തുപറയേണ്ട ചില സവിശേഷതകളോടെയാണ് സ്റ്റാർട്ട് MTC എന്നപേരിൽഈ പരിശീലനപരിപാടി നടത്തുന്നത്. സ്വഭാവവൈശിഷ്ട്യവും സാമൂഹികപ്രതിബദ്ധതയും ഉയർന്ന ധാർമ്മിക ബോധവുമുള്ള മുൻനിര നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ ഇടയിൽനിന്ന് ദേശീയ-അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്നത് ഈ പരിശീലനപരിപാടിയുടെ മുഖ്യലക്ഷ്യമാണ്.

ദേശീയ-അന്തർദേശീയതലങ്ങളിൽ നടത്തപ്പെടുന്ന മത്സരപരീക്ഷകൾക്കും തൊഴിൽ നിയമനങ്ങൾക്കും ഇംഗ്ലീഷ് ഭാഷാസ്വാധീനവും യുക്തിവിചാരവും അടിസ്ഥാനഗണിതവും പൊതുവിജ്ഞാനവും പോലെയുള്ള വിഷയങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണ്. ഇവയെല്ലാം കോർത്തിണക്കിയുംഇംഗ്ലീഷ്ഭാഷ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കിയും സ്റ്റാർട്ട് നടത്തുന്ന ഈ പരിശീലനം ഉയർന്ന മത്സരപരീക്ഷകൾ വിജയിക്കാൻ വളരെ സഹായകരമാണെന്ന് മുൻബാച്ചുകാർ തന്നെ സാക്ഷ്യപ്പെടുത്തുന്നു. കൂടാതെ സിവിൽ സർവീസ്, NET, SET, TET, UPSC, PSC തുടങ്ങി എല്ലാ മത്സരപരീക്ഷകൾക്കും ഈ പരിശീലനം ഏറ്റവും നല്ല ഒരുക്കവുമാണ്.

പുതിയ ബാച്ചിലേക്കുള്ള അപേക്ഷ അയയ്ക്കാൻ താല്പര്യമുള്ളവർ സ്റ്റാർട്ടിന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: 8590468035 (WhatsApp), 0495 2357843. e-mail: startindia@gmail.com.

## SPARK എന്നപേരിൽ PSC പരിശീലന കോഴ്സ് ആരംഭിച്ചു

ഈ വർഷം ഡിഗ്രി, പിജി എന്നിവയ്ക്ക് പഠിക്കുന്നവരും പഠനം പൂർത്തിയാക്കിയവരുമായ യുവജനങ്ങൾക്കുവേണ്ടി PSC, UPSC, മറ്റ് ഉന്നത മത്സരപരീക്ഷകൾ എന്നിവയ്ക്ക് നന്നായി ഒരുങ്ങുന്നതിനായി നാലുമാസം ദീർഘിക്കുന്ന ഓൺലൈൻ പഠനപരിശീലന പരിപാടി മെയ് 15 ന് ആരംഭിച്ചു. ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ്, അടിസ്ഥാന ഗണിതം, പൊതുവിജ്ഞാനം തുടങ്ങിയ വിഷയങ്ങളാണ് പ്രധാനമായും ഈ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## സ്റ്റാർലൈറ്റ് ഇലേർണിംഗ് പ്രോഗ്രാം

സ്റ്റാർട്ടും ക്രിസ്റ്റീനും സംയുക്തമായി ഗ്രാമറിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ട് 5, 6, 7, 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി ഇംഗ്ലീഷും അതോടൊപ്പം യുക്തിവിചാരവും (Logical Reasoning) ഉൾപ്പെടുത്തിയ മൂന്നുമാസത്തെ online പഠനപരിപാടിയുടെ ഒന്നാമത്തെ ബാച്ച് 2021 ഏപ്രിൽ 10 നും രണ്ടാമത്തെ ബാച്ച് മെയ്

10 നും ആരംഭിച്ചു. കുട്ടികൾക്കുവേണ്ടി വിവിധ ബാച്ചുകളായി തിരിച്ചാണ് ഈ കോഴ്സ് നടത്തപ്പെടുന്നത്. ഈ പ്രത്യേക കാലഘട്ടത്തിലും വളരെ താല്പര്യത്തോടെ ക്ലാസ്സുകളിൽ പങ്കെടുക്കാൻ ഇന്ത്യയിൽ നിന്ന് മാത്രമല്ല ഇന്ത്യയ്ക്ക് പുറത്തുള്ള മലയാളി കുടുംബങ്ങളിൽനിന്നും നിരവധി കുട്ടികളുണ്ട് എന്നുള്ളത് വളരെ സന്തോഷത്തോടെ അറിയിക്കട്ടെ.

കൂടുതൽ വിവരങ്ങൾക്ക് സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക. Phone No. 8590468035, 0495 2357843. E-mail: startindia@gmail.com

**ഫാ. ആൻറണി കാരികുന്നേൽ**
അസി. ഡയറക്ടർ, സ്റ്റാർട്ട്

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയുടെ ബിൽഡിംങ്ങിന്റെ വർക്കുകൾ നടക്കുന്നു.

## പുതിയ കോഴ്സുകൾ

### 1. Online Diploma in Pastoral Counseling

ഓൺലൈൻ ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് എന്ന പുതിയ കോഴ്സിന്റെ അഡ്മിഷൻ (Only for fathers and sistrs) തുടരുന്നു. ക്ലാസ് ആഴ്ചയിൽ ഒരിക്കൽ മാത്രം.

### Information

- Registration in progress
- Dead line: the last date of registration June 15th
- Classes are full online
- Certificates are under Christian Chair, University of Calicut
- Number of seats 30 in one batch

### 2. എം എസ് സി / ഡിപ്ലോമ

എം എസ് സി, ഡിപ്ലോമ എന്നീ പുതിയ ബാച്ചുകളുടെ അഡ്മിഷൻ തുടരുന്നു. ക്ലാസ്സുകൾ ജൂൺ 15 നു ആരംഭിക്കും.

## Online Diploma in counseling for sisters 2021 -2022

സിസ്റ്റേഴ്സിനു മാത്രമായുള്ള ഡിപ്ലോമ കോഴ്സിന്റെ ക്ലാസ്സുകൾ എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 6 മുതൽ 8 വരെ ക്ലാസ്സുകൾ മുടക്കം കൂടാതെ നടക്കുന്നു.

എം എസ് സി 2019-2021 ക്ലാസ്സുകൾ കഴിഞ്ഞു. വിദ്യാർത്ഥികൾ പരീക്ഷയ്ക്കു തയ്യാറെടുക്കുന്നു. എം എസ് സി 2020-2022 മൂന്നാം സെമസ്റ്റർ ക്ലാസ്സുകൾ നടക്കുന്നു. ഡിപ്ലോമ കോഴ്സുകളുടെ ക്ലാസ്സുകൾ കഴിഞ്ഞു. വിദ്യാർത്ഥികൾ പരീക്ഷയ്ക്കു തയ്യാറാകുന്നു.

### പരീക്ഷ

എം എസ് സി, ഡിപ്ലോമ എല്ലാ ബാച്ചുകളുടെയും പരീക്ഷകൾ ജൂൺ മാസത്തിലേക്കു മാറ്റി.

### കൗൺസിലിംഗ്

ലോക്ക്ഡൗൺ കഴിയും വരെ കൗൺസിലിംഗ് സൗകര്യം ലഭ്യമായിരിക്കില്ല.

## Psycho spiritual retreat

JPI ൽ വച്ച് നടന്ന അഞ്ച് ദിവസത്തെ Psycho spiritual retreat ൽ ആരാധനാ സന്യാസ സമൂഹത്തിന്റെ തലശ്ശേരി, മാനന്തവാടി പ്രൊവിൻസുകളിലെ സിസ്റ്റേഴ്സ് പങ്കെടുത്തു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

---

ALPHA
Inspire to illumine
Managed by Diocese of Thamarassery

# ആൽഫ മരിയ അക്കാദമി

### 1. നേഴ്സിംഗ് ട്യൂട്ടർ പരിശീലനം

2021 ൽ പിഎസ്സി നടത്തുന്ന നേഴ്സിംഗ് ട്യൂട്ടർ പരീക്ഷയ്ക്കുള്ള പരിശീലനം തിരുവമ്പാടി ആൽഫയിൽ ആരംഭിച്ചിരിക്കുന്നു. ബി.എസ്.സി. നേഴ്സിംഗ് അല്ലെങ്കിൽ എം.എസ്.സി നേഴ്സിംങ്ങാണ് യോഗ്യതയായി പരിഗണിക്കുന്നത്. ഓൺലൈൻ വഴിയാണ് ക്ലാസുകൾ നടക്കുക. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് ആൽഫയുടെ 7907028758, 6282864681 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

### 2. എൻട്രൻസ് ക്രാഷ് കോഴ്സ് 2021

മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്കുള്ള ക്രാഷ് കോഴ്സ് ആൽഫയുടെ മൊബൈൽ ആപ്ളിക്കേഷൻ വഴി ഓൺലൈനായി ആരംഭിച്ചിരിക്കുന്നു. KEAM, NEET, JEE, Main തുടങ്ങിയ പ്രവേശന പരീക്ഷകൾക്കുള്ള പരിശീലനമാണ് നല്കുന്നത്.

**3. ഹൈസ്ക്കൂൾ ട്യൂഷൻ ക്ലാസുകൾ ആരംഭിച്ചു. (Kerala, CBSE & ICSE)**

2021–2022 അധ്യയന വർഷത്തെ 10–ാം ക്ലാസിലേക്കുള്ള ട്യൂഷൻ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

**4. ആൽഫയിലേക്ക് പുതിയ സാരഥികൾ**

ആൽഫ അക്കാദമിലേക്ക് പുതിയതായി ചാർജ് എടുത്തിരിക്കുന്ന സിബി കുഴിവേലിൽ അച്ചനേയും ദീപു വള്ളിക്കുന്നേൽ അച്ചനേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ഒരു വർഷം ആൽഫ അക്കാദമിയിൽ സ്തുത്യർഹ സേവനം ചെയ്തു ബഹു. ജോസ് പെണ്ണാപറമ്പിൽ അച്ചന് നന്ദി അറിയിക്കുന്നു.

**5. പിഎസ്സി പരിശീലനം**

പത്താം ക്ലാസ്, പ്ലസ് ടു പ്രിലിമിനറി എക്സാം മുതൽ മെയിൻ പരീക്ഷ വരെ പിഎസ്സി നടത്തുന്ന പരീക്ഷകൾക്കുള്ള പരിശീലനം ആൽഫ മരിയ അക്കാദമിയിൽ ഗൂഗിൾമീറ്റ് വഴി ജൂൺ മുതൽ ആരംഭിക്കുന്നു. ഓരോ ക്ലാസിന്റെയും റിക്കോർഡ് വീഡിയോ ലഭിക്കുന്നതായിരിക്കും.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# ജീസസ് ഫ്രട്ടേണിറ്റി

കോവിഡ് മഹാമാരിമൂലം ഏതാണ്ട് ഒരു വർഷക്കാലം മുടങ്ങിക്കിടന്ന ജയിലിലെ ശുശ്രൂഷകൾ 2021 ജനുവരിയോടെ പുനരാരംഭിച്ചു സോണൽ ഡയറക്ടർ ബഹു. തോമസ് പാറൻകുളങ്ങരയച്ചനും ടീമും കോഴിക്കോട് സോണിലെ 9 ജയിലുകളും സന്ദർശിച്ച് തുടർപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്തു. അതനുസരിച്ച് എല്ലാ ജയിലുകളിലും ബോധവത്ക്കരണ ക്ലാസ്സ്, കൗൺസിലിംഗ്, കലാപരിപാടികൾ എന്നിവ നടത്തിവരുന്നു. ജീസസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾ തുടർന്നും നടത്തണമെന്ന് ജയിൽ ഡി.ജി.പി തന്നെ നിർദ്ദേശിക്കുകയായിരുന്നു. നമ്മുടെ പ്രവർത്തനങ്ങളെ അവർ വിലമതിക്കുന്നു എന്നുള്ളത് ഏറെ പ്രതീക്ഷ നൽകുന്നതാണ്. മഞ്ചേരി, പെരിന്തൽമണ്ണ, തിരൂർ ജയിലുകളിൽ ഈസ്റ്ററിനോടനുബന്ധിച്ച് തിരുവമ്പാടി സി.എം.സി പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും ഭക്ഷണത്തിനുള്ള തുക സ്പോൺസർ ചെയ്തു. മാനന്തവാടി എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും മാനന്തവാടി ജയിലിലേക്ക് ഒരു സൗണ്ട് സിസ്റ്റം സ്പോൺസർ ചെയ്തു. സുമനസുകളുടെ സഹായത്തോടെ എല്ലാ ജയിലുകളിലും ദീപിക പത്രം സ്പോൺസർ ചെയ്തു. മഞ്ചേരി ജയിലിൽ 50 കസേരയും 2 ബാരൽ സാനിറ്റൈസറും വാഗ്ദാനം ചെയ്യുകയുണ്ടായി. തടവറയിലുള്ളവരുടെ കുടുംബവുമായി കോൺടാക്ട് ചെയ്യുന്നത് അവർക്ക് ഏറെ ആശ്വാസം നല്കുന്നുണ്ട്.

ജീസസ് ഫ്രട്ടേണിറ്റിയുടെ കോഴിക്കോട് രൂപത ഡയറക്ടർ ബഹു. ജെയ്സണച്ച നും, മാനന്തവാടി രൂപത ഡയറക്ടർ ബഹു. ജോണച്ചനും സ്ഥലംമാറി പോകുന്നതി നാൽ ഓൺലൈൻ സോണൽ മീറ്റിംഗ് നടത്തി അവർക്ക് ഹൃദ്യമായ യാത്രയയപ്പു നല്കി.

ദൈവാനുഗ്രഹവും എല്ലാവരുടെയും സഹകരണവും കൊണ്ട് പ്രവർത്തനങ്ങൾ ഭംഗിയായി പോകുന്നു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

# മാതൃവേദി

### സ്വാഗതം

താമരശ്ശേരി രൂപത സീറോ മലബാർ മാതൃവേദിയുടെ ഡയറക്ടറായി ചാർജെടുത്ത ഫാ. തോമസ് തേവടിയിൽ അച്ചന് സീറോ മലബാർ മാതൃവേദി ജനറൽ ബോഡി യുടെയും രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ഹൃദയം നിറഞ്ഞ സ്വാഗതം.

### നന്ദി

താമരശ്ശേരി രൂപത സീറോ മലബാർ മാതൃവേദിയുടെ അമരക്കാരനായി നിന്ന് കഴി ഞ്ഞ ഒരു വർഷക്കാലം രൂപത മാതൃവേദിയെ നയിച്ച പ്രിയപ്പെട്ട ജേക്കബ് കപ്പലുമാക്കൽ അച്ചന് രൂപത സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി. പുതിയ കർമമേഖലയിൽ എല്ലാ വിധ വിജയാശംസകളും നേരുന്നു.

### 48 മണിക്കൂർ പ്രാർത്ഥന യജ്ഞം

ഏപ്രിൽ 29,30 തീയതികളിലായി 48 മണിക്കൂർ അഖണ്ഡ പ്രാർഥനാ യജ്ഞം രൂ പതയിലെ 11 മേഖലകളുടെകളുടെയും നേതൃത്വത്തിൽ നടന്നു.

### വി. ജാന്നയുടെ തിരുനാൾ

ഏപ്രിൽ 28 ന് മാതൃവേദി യുടെ സഹ മധ്യസ്ഥനായ വിശുദ്ധ ജാന്നയുടെ തിരു നാൾ ആഘോഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

### വണക്കമാസ ആചരണം

പരിശുദ്ധ അമ്മയുടെ വണക്കമാസം പ്രാർത്ഥനകൾ മേഖലകളുടെ നേതൃത്വത്തി ൽ ഇടവകകളിലെ മാതൃവേദി വാട്സാപ്പ് ഗ്രൂപ്പുകൾ വഴി അയച്ചു കൊടുത്തു.

### മധ്യസ്ഥ പ്രാർത്ഥന

പതിവുപോലെ മെയ് മാസത്തിലെ ആദ്യ ബുധനാഴ്ച വിശുദ്ധ യൗ സേപ്പിതാ വിനോടുള്ള 24 മണിക്കൂർ മധ്യസ്ഥ പ്രാർത്ഥനയ്ക്കായി മാറ്റിവെച്ചു.

### മാതൃദിനം

മാതൃ ദിനത്തോടനുബന്ധിച്ച് രൂപതയിലെ എല്ലാ അമ്മമാരെയും ആശംസകൾ അറിയിക്കുകയും സന്ദേശങ്ങൾ നൽകുകയും ചെയ്തു.

### ഫാത്തിമാദിനം

ഫാത്തിമ മാതാവിന്റെ തിരുനാൾ ദിനവും സ്വർഗ്ഗാരോഹണ തിരുനാൾ ദിനവുമായ മെയ് പതിമൂന്നാം തീയതി ഇസ്രായേലിൽ ജോലി ചെയ്യുന്ന നമ്മുടെ പ്രിയപ്പെട്ട നഴ്സുമാരെ സമർപ്പിച്ചുകൊണ്ട് ജപമാലയും, യുദ്ധകാല പ്രാർത്ഥനയും, ഫാത്തിമമാതാവിനോടുള്ള പ്രാർത്ഥനയും ചൊല്ലി മാതൃവേദി അംഗങ്ങൾ കാഴ്ചവെച്ചു.

### ഇസ്രായേൽ പാലസ്തീൻ വിവരണം

ഇസ്രായേൽ പാലസ്തീൻ യുദ്ധത്തിന്റെ ചരിത്രവും അതിന്റെ വസ്തുതകളും അമ്മമാർക്ക് മനസ്സിലാക്കാനായി ആവശ്യമായ സന്ദേശങ്ങൾ വാട്സ്ആപ്പ് വഴി നൽകി.

### പന്തക്കുസ്താ ഒരുക്കം

പന്തക്കുസ്താ തിരുനാൾ ഒരുക്കമായുള്ള ധ്യാന സന്ദേശങ്ങൾ 10ദിവസവും നൽകിക്കൊണ്ടിരിക്കുന്നു.

മെയ് 21 -ാം തീയതി രാത്രി 9 മണി മുതൽ 12 മണി വരെ രൂപതയിലെ എല്ലാ അമ്മമാരും മൂന്നുമണിക്കൂർ തുടർച്ചയായ ജാഗരണ പ്രാർത്ഥന നടത്തി.

### എക്സോഡസ് 21

എ കെ സി സി യുടെ നേതൃത്വത്തിൽ നടന്ന എക്സോഡസ് ഓൺലൈൻ സെമിനാറിൽ രൂപതാ മാതൃവേദി അംഗങ്ങൾ പങ്കെടുത്തു.

### പ്രതിക്ഷേധ സമ്മേളനം

കോനൂർ കണ്ടിയിൽ ആനയുടെ ചവിട്ടേറ്റു മരിച്ച സെബാസ്റ്റ്യന് രൂപത എക്സിക്യൂട്ടീവ് സമിതിയും രൂപത ജനറൽ ബോഡിയും ആദരാഞ്ജലികളർപ്പിച്ചു അധികൃതരുടെ അനാസ്ഥയോടുള്ള പ്രതിഷേധം അറിയിക്കുകയും ചെയ്തു.

### എക്സിക്യൂട്ടീവ് യോഗം

മെയ്മാസത്തിൽ ഓൺലൈനായി 3 എക്സിക്യൂട്ടീവ് യോഗങ്ങളാണ് ചേർന്നു. രൂപതാ സമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

### നിൽപ്പുസമരം

കോനൂർക്കണ്ടി ഇടവകയിൽ, വടക്കേത്തടത്തിൽ സെബാസ്റ്റ്യനെ ആനകുത്തി കൊന്നതിൽ പ്രതിഷേധിച്ച AKCC സംഘടനക്ക് ഐക്യദാർഢ്യവുമായി സീറോ മലബാർ മാതൃവേദി തോട്ടുമുക്കം മേഖലയുടെ നേതൃത്വത്തിൽ മാതൃവേദി കുടുംബാംഗങ്ങൾ അവരുടെ വീട്ടുമുറ്റത്തു നിലനില്പു സമരം നടത്തി.

### നഴ്സസ് ഡേ

പെരിന്തൽമണ്ണ മാതൃവേദി നഴ്സസ് ഡേ യോടനുബന്ധിച്ച് മേഖലയിലെ എല്ലാ ഇടവകകളിൽ നിന്നും വിവിധ ആശുപത്രികളിലായി സേവനം ചെയ്യുന്ന നഴ്സുമാരെ ആദരിച്ചു.

### നല്ലിടയൻ പദ്ധതി

തിരുവമ്പാടി ഇടവക മാതൃവേദി നല്ല ഇടയൻ പദ്ധതിയുടെ ഭാഗമായി തങ്ങളുടെ ഇടവകയിൽ നിർധനരായ അഞ്ചു കുടുംബങ്ങൾക്ക് ആടുകളെ വാങ്ങി നൽകി.

### വണക്കമാസ സമാപനം

മെയ്മാസത്തിൽ വണക്കമാസ സമാപനത്തോടനുബന്ധിച്ച് രൂപത മാതൃവേദി ഓൺലൈൻ ആയി രൂപതയിലെ എല്ലാ അമ്മമാർക്കും ആയി ഒരു പ്രാർത്ഥന സായാഹ്നം ഒരുക്കുന്നു.

### ജൂൺ കരുതൽ

ജൂൺ മാസത്തെ പ്രവർത്തന വിഷയം 'കരുതലാണ്'. നമ്മുടെ പരിസ്ഥിതിയെയും നമ്മളെയും കരുതുക എന്നുള്ളത് ഒരു അമ്മയുടെ ഉത്തരവാദിത്വമാണ്.

തിരുഹൃദയ ഭക്തി വളർത്തുവാനും തിരുഹൃദയ ജപമാല എല്ലാ അമ്മമാരിലും എത്തിക്കുവാനും ജൂൺ മാസത്തെ കർമ്മപദ്ധതിയുടെ ഭാഗം ആണ്.

### ജാഗരണ പ്രാർത്ഥന

മെയ് 21 -ാം തീയതി രാത്രി 9 മണി മുതൽ 12 മണി വരെയുള്ള 3 മണിക്കൂർ സമയം കൊറോണാ പകർച്ചവ്യാധിയിൽ നിന്നും ലോകം മുഴുവനെയും തങ്ങളുടെ കുടുംബങ്ങളെയും മക്കളെയും ദൈവ കരുണയ്ക്കായി സമർപ്പിച്ചുകൊണ്ട് രൂപതയിലെ അമ്മമാർ ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട രൂപതാ ഡയറക്ടർ ഫാദർ തോമസ് തേവടിയിൽ രൂപത ഭവനിൽ ദിവ്യകാരുണ്യം എഴുന്നള്ളിച്ചു വെച്ചുകൊണ്ട് ജാഗരണ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മാതൃവേദി



# കെ.സി.വൈ.എം.

## അമ്മയോടൊപ്പം പരിശുദ്ധാത്മ നിറവിൽ

പന്തക്കുസ്താ തിരുന്നാളിന് ഒരുക്കമായി രൂപതയിലെ മുഴുവൻ യുവജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് കെ.സി.വൈ.എം. രൂപത സ്പിരിച്ചൽ ടീമിന്റെ ആഭിമുഖ്യത്തിൽ പത്ത് ദിവസത്തെ പ്രാർത്ഥനായജ്ഞം എല്ലാ മേഖലകളിലും നടത്തി. ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ മുൻപിൽ പകച്ചു നിൽക്കുന്ന ഈ കാലഘട്ടത്തിൽ യുവജനങ്ങൾ ഒന്നുചേർന്ന് ലോകം മുഴുവനും വേണ്ടി ജപമാല ചൊല്ലിയും പരിശുദ്ധാത്മാവിനോടുള്ള പ്രത്യേക പ്രാർത്ഥനകൾ നടത്തിയും വളരെ തീക്ഷ്ണതയോടെയും ആത്മാർത്ഥതയോടെയും ഈ പ്രാർത്ഥനാ യജ്ഞത്തിൽ പങ്കുചേർന്നു. നേതൃത്വം നൽകിയ എല്ലാ രൂപത അംഗങ്ങളെയും മേഖല ഭാരവാഹികളെയും ബഹുമാനപ്പെട്ട വൈദികരെയും സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

## നീതിക്കൊപ്പം... ഇസ്രായേലിനൊപ്പം... നിൽപ്പ് പിന്തുണ...

ഇസ്രായേലിൽ തുടരുന്ന ഭീകരാക്രമണങ്ങളെ അപലപിച്ചുകൊണ്ട് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും വിവിധ മേഖലകളിലെയും ഇടവകകളിലെയും യുവജനങ്ങളും അവരവരുടെ വീടുകളിൽ ദീപം തെളിയിച്ചും, pray 4 Israel എന്ന് പ്ലക്കാർഡ് പിടിച്ചും കൊണ്ടുള്ള നിൽപ്പ് പിന്തുണ സമൂഹമാധ്യമങ്ങളിലൂടെ അറിയിച്ചു.

## ടാസ്ക് ഫോഴ്സ്

കോവിഡ് മരണങ്ങൾ ഏറി വരുന്ന ഈ സാഹചര്യത്തിൽ മൃത സംസ്കാര ചടങ്ങിന് സഹായിക്കുവാനായി കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ എല്ലാ ഫൊറോനകളിലും രൂപീകരിച്ച ടാസ്ക് ഫോഴ്സ് വളരെ കാര്യക്ഷമമായി നമ്മുടെ ഇടവകകളിൽ പ്രവർത്തിച്ചുവരുന്നു. എല്ലാ ടാസ്ക് ഫോഴ്സ് അംഗങ്ങൾക്കും അതിന് നേതൃത്വം നൽകുന്നവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ...

## ഹോളി ഫയർ

പെന്തക്കുസ്താ തിരുനാളിന് ഒരുക്കമായി ഒരു ലക്ഷം പ്രാവശ്യം പരിശുദ്ധാത്മാവിനോടുള്ള ജപം ചൊല്ലുക എന്ന ഉദ്ദേശത്തോടുകൂടി രൂപതയിലെ പ്രായഭേദമന്യേ മുഴുവനാളുകളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് തുടങ്ങുകയും, 350 നു മുകളിൽ ആളുകൾ പങ്കെടുക്കുകയും ചെയ്തു. കൂടാതെ, കുടുംബ പ്രാർത്ഥനകളിൽ പരിശുദ്ധാത്മാവിനോടുള്ള ജപം ചൊല്ലുകയും അപ്പസ്തോല പ്രവർത്തനങ്ങൾ വായിച്ചും കുടുംബങ്ങളെ പെന്തക്കുസ്താ തിരുനാളിനായി ഒരുക്കി.

### സ്പിരിച്ച്വൽ ടീം നവീകരണവും സംഗമവും

മെയ് 23ന് പെന്തക്കുസ്താ ദിനാചരണത്തിൽ ഈ വർഷം നവീകരിച്ച കെ. സി. വൈ. എം. സ്പിരിചൽ ടീമിന്റെ ആദ്യ സംഗമം നടത്തി. രൂപതാ വികാരി ജനറൽ മോൺ. ജോൺ ഒറവങ്കര സ്പിരിച്ചുൽ ടീം പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യുകയും, ചങ്ങനാശ്ശേരി അതിരൂപത അംഗവും, ധ്യാന ഗുരുവും വചനപ്രഘോഷകനുമായ ഫാ. ജിസ്സൻ പോൾ വേങ്ങശ്ശേരി പന്തക്കുസ്താ ദിനാചരണ സന്ദേശവും നൽകി. രാവിലെ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നേതൃത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ ബലിയിലും ടീം അംഗങ്ങൾ പങ്കെടുത്തു.

### രക്തദാന ക്യാമ്പുകൾ

കെ. സി.വൈ.എം. താമരശ്ശേരി രൂപതയും, ബി ഡി കെ കോഴിക്കോട് ഓമശ്ശേരി കമ്മിറ്റിയും, എം. വി.ആർ. കാൻസർ സെന്ററും സംയുക്തമായി കോടഞ്ചേരി, തിരുവമ്പാടി, മേഖലകളിലും, വാലില്ലാപ്പുഴ ഇടവകയുടെ ആതിഥേയത്തിലും രക്തദാന ക്യാമ്പുകൾ നടത്തി

### തിരുവമ്പാടി മേഖല

തിരുവമ്പാടി പാരിഷ് ഹാളിൽ സംഘടിപ്പിച്ച ക്യാമ്പിൽ മേഖലയിലെ വിവിധ ഇടവകകളിൽ നിന്നായി അറുപതോളം യുവജനങ്ങൾ ക്യാമ്പിലൂടെ രക്തദാതാക്കളായി.

രക്തം നൽകിയവർക്ക് KCYM ന്റെ ഓൺലൈൻ സർട്ടിഫിക്കറ്റ് നൽകി. ക്യാമ്പിന് മേഖല ഡയറക്ടർ ഫാ. അലക്സ് പനച്ചിക്കൽ, മേഖല പ്രസിഡന്റ് ശ്രീ. ഡോണസ് മുണ്ടക്കൽ, രൂപത വൈസ് പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ തൂമുള്ളിൽ, മുക്കം യൂണിറ്റ് പ്രസിഡന്റ് ശ്രീ. ഇമ്മാനുവേൽ, അഞ്ജലി, ഒലീവിയ എന്നിവർ നേതൃത്വം നൽകി.

### വാലില്ലാപ്പുഴ യൂണിറ്റ്

വാലില്ലാപ്പുഴ ജ്യോതിധാര സ്കൂളിൽ വെച്ച് നടന്ന ക്യാമ്പിൽ ഇടവകയിൽ നിന്ന് 33 പേർ രക്തം ദാനം ചെയ്തു. രക്തം ദാനം ചെയ്തവർക്ക് കെസിവൈഎം താമരശ്ശേരി രൂപതയുടെ ബ്ലഡ് ഡോൺഴ്സ് ആർമിയുടെ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു . കെ സി വൈ എം വാലില്ലാപ്പുഴ യൂണിറ്റ് ആനിമേറ്റർ സി. ശോശാമ്മ ക്യാമ്പ് ഉദ്ഘടനം ചെയ്തു. ബ്ലഡ് ഡോണേഴ്സ് ആർമി ടീം കോഡിനേറ്റർ സെബിൻ സണ്ണി വെള്ളയ്ക്കാകുടിയിൽ, വാലില്ലാപ്പുഴ യൂണിറ്റ് പ്രസിഡന്റ് ഷിന്റോ ഷാജി, കെവിൻ സണ്ണി, അമൽ എം. എ, സാവിയോ ജോഷ്, നെവിൽ ഷൈൻ, റിച്ചിൻ തോമസ്, ആകാശ് ബിജു എന്നിവർ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

### ഡയറക്ടറച്ചൻമാർക്കും അനിമേറ്റർമാർക്കും ഹൃദയപൂർവ്വം നന്ദി

കൂരാച്ചുണ്ട് ഫൊറോനയുടെ ഡയറക്ടറായി കഴിഞ്ഞ ഒന്നരവർഷക്കാലം സേവനം ചെയ്ത അഗസ്റ്റിൻ വാമറ്റത്തിൽ അച്ചനും താമരശ്ശേരി മേഖല ഡയറക്ടറായി ഒരു വർഷത്തിലധികം സേവനം ചെയ്ത ഫാ. തോമസ് കടപ്ലാക്കൽ അച്ചനും രൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി...

കഴിഞ്ഞ മൂന്നു വർഷക്കാലമായി പെരിന്തൽമണ്ണ ഫൊറോന ആനിമേറ്റർ സ്ഥാനം ഏറ്റവും മനോഹരമായി നിർവഹിച്ച സി. കൊച്ചുറാണി എസ് കെ ഡി, മലപ്പുറം ഫൊറോനയെ മനോഹരമായി നയിച്ച സിസ്റ്റർ ലിസറ്റ് എസ് എ ബി എസ് എന്നിവർക്ക് രൂപതയുടെ പേരിൽ നന്ദി അറിയിക്കുന്നു.

വിവിധ ഇടവകകളിൽ അനിമേറ്റർമാരായി സേവനം ചെയ്ത് സ്ഥലം മാറി പോകുന്ന സി. ശോശാമ്മ -വാലില്ലാപ്പുഴ ഇടവക, സി. സീന -പനമ്പിലാവ് ഇടവക, സി. ജ്യോതി മരിയ – മരിയാപുരം ഇടവക  എന്നിവരെ കൃതജ്ഞതയോടെ ഓർക്കുന്നു.

### പുതിയ മേഖലാ ഡയറക്ടർമാർക്ക് സ്വാഗതം

കുരാച്ചുണ്ട് മേഖലയുടെ ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ട മുൻ കെസിവൈഎം രൂപത ഡയറക്ടർ കൂടിയായിരുന്ന ഫാ. സുബിൻ കവളക്കാട്ട്, താമരശ്ശേരി മേഖല ഡയറക്ടറായി ചുമതലയേൽക്കുന്ന ഫാ. മാത്യു പനച്ചിക്കൽ എന്നിവർക്ക് കെസിവൈഎം കുടുംബത്തിലേക്ക് സ്വാഗതം.

### മറ്റു പരിപാടികൾ

1. സംസ്ഥാന തലത്തിൽ നടന്ന ആർട്ട് 2021 ഫോർമേഷനിൽ രൂപതയിൽ നിന്നും പത്ത് പേർ പങ്കെടുത്തു.
2. താമരശ്ശേരി യൂണിറ്റിന്റെ നേതൃത്വത്തിൽ ഓൺലൈൻ ഫുട്ബോൾ ഗെയിം കോമ്പറ്റീഷൻ സംഘടിപ്പിച്ചു.
3. കരുവാരകുണ്ട് മേഖലയുടെ നേതൃത്വത്തിൽ കോവിഡ് കോംബോ കിറ്റ് വിതരണം നടത്തി.
4. മൈനോറിറ്റി വിങ്ങിന്റെ നേതൃത്വത്തിൽ കോഴിക്കോട് ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ ഓഫീസ് സന്ദർശിക്കുകയും ഡയറക്ടേഴ്സുമായി ചർച്ച നടത്തുകയും ചെയ്തു.

### അറിയിപ്പുകൾ

1. ടാസ്ക് ഫോഴ്സ് മേഖല മീറ്റിങ്ങുകൾ മെയ് 24 മുതൽ ആരംഭിക്കുന്നു.

2. റീൽസ്  മീഡിയ വർക്ക് ഷോപ്പ് ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തുന്നതായിരിക്കും
.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# എ.കെ.സി.സി

## എക്സിക്യൂട്ടിവ് യോഗങ്ങൾ

മെയ് മാസം 04, 10, 16, 20 തീയതികളിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ രൂപത എക്സിക്യൂട്ടിവ് യോഗങ്ങൾ ചേർന്നു. വിവിധ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു.

## നിലനിൽപ്പ് സമരം

തോട്ടുമുക്കം കോനൂർക ിയിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട വിജെ സെബാസ്റ്റ്യൻ ചേട്ടന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും പ്രദേശത്തെ കാട്ടാന ശല്യത്തെ സർക്കാരും വനംവകുപ്പും ഗൗരവതരമായി പരിഗണിക്കണമെന്ന് പ്രഖ്യാപിച്ചു കൊണ്ടും കോനൂർകണ്ടി ഇടവകയിലും തോട്ടുമുക്കം ഫൊറോനയിലെ വിവിധ യൂണിറ്റുകളിലും മെയ് മാസം ആറാം തീയതി മുതൽ എ കെ സി സി യുടെ നേതൃത്വത്തിൽ വീട്ടുമുറ്റ നിൽപ്പ് സമരം നടത്തി. നിരവധി കുടുംബങ്ങൾ തങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തികൊണ്ടുള്ള പ്ലക്കാർഡുകൾ ഉയർത്തി നിലനിൽപ്പ് സമരത്തിൽ പങ്കുചേർന്നു.

സോഷ്യൽ മീഡിയയിലൂടെ ജനങ്ങളുടെ വികാരവും ആവശ്യവും പൊതു സമൂഹത്തെ അറിയിക്കുക എന്ന ഉദ്ദേശത്തോടെ നടത്തുന്ന ഈ പ്രതിഷേധ പരിപാടി സർക്കാരിൽ നിന്നും അനുകൂല തീരുമാനം ഉണ്ടാകുന്നതുവരെ തുടരാൻ രൂപതാ സമിതിയുടെ തീരുമാനിച്ചു.

## ഉണർവ്വ് 2021

13.05.21 ന് യൂണിറ്റ്, ഫൊറോന, രൂപത ഭാരവാഹികൾക്കായി ഓൺലൈൻ നേതൃത്വ പരിശീലന ശില്പശാല സംഘടിപ്പിച്ചു. എകെസിസി ഗ്ലോബൽ ബിഷപ്പ് ലെഗേറ്റ് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം മുഖ്യ പ്രഭാഷണം നടത്തി. ശ്രീമതി. ലിഡാ ജേക്കബ് ഐപിഎസ് ഒരു മണിക്കൂർ ക്ലാസ്സ് നയിച്ചു. രൂപത ഡയറക്ടർ ഫാദർ ജോർജ്ജ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു, ജനറൽ സെക്രട്ടറി അനീഷ് വടക്കേൽ, തുടങ്ങിയവർ നേതൃത്വം നൽകി. ഫൊറോനാ യൂണിറ്റ് ഭാരവാഹികളും കേന്ദ്ര സമിതി അംഗങ്ങളും വർക്കിംഗ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടെ നൂറോളം പേർ യോഗത്തിൽ സംബന്ധിച്ചു.

## സ്നേഹസാന്ത്വനം

രൂപത കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ സൗജന്യകോവിഡ് സഹായ ടെലികൗൺസിലിംഗ് സംവിധാനം 18.05.21 ന് അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ച

നാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു.പ്രോഗ്രാം ഡയറക്ടർമാരായ CAMP- ഡയറക്ടർ ഫാ. അനീഷ് തടത്തിൽ,ഡോക്ടർ ഗിതിൻ വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ ഇരുപത്തിരണ്ടോളം കൗൺസിലേഴ്സ് ഈ പരിപാടിയുടെ ടെലി കൗൺസിലിംഗ് നൽകിവരുന്നു. രൂപതാ സമിതിയിൽ നിന്നും സണ്ണി കോക്കപ്പള്ളി, ശ്രീമതി ട്രീസാ ഞരളക്കാട്ട്, ശ്രീ പ്രിൻസ് തിനംപറമ്പിൽ, ശ്രീ സജി കരോട്ട് എന്നിവർ കോഡിനേറ്റേഴ്സ് ആയി പ്രവർത്തിക്കുന്നു.

## EXODUS 21

കത്തോലിക്ക കോൺഗ്രസ് അംഗങ്ങൾക്കും സമുദായങ്ങൾക്കും കാലികമായ പ്രശ്നങ്ങളെ സംബന്ധിച്ച് കൃത്യമായ അറിവുകൾ പകരുക എന്ന ഉദ്ദേശത്തോടെ മെയ് മാസം 22 ന് ഓൺലൈൻ സെമിനാർ സംഘടിപ്പിച്ചു. എല്ലാ എകെസിസി അംഗങ്ങളും വിവിധ സംഘടനകളുടെ പ്രതിനിധികളും ഉൾപ്പെടെ 270 ഓളം പേർ പ്രസ്തുത പരിപാടിയിൽ സംബന്ധിച്ചു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ രൂപതാ പ്രസിഡണ്ട് ശ്രീ ചാക്കോ കാളാംപറമ്പിൽ അധ്യക്ഷനായിരുന്നു. ഗ്ലോബൽ സമിതി ജനറൽ സെക്രട്ടറി ശ്രീ. രാജീവ് ജോസഫ് മുഖ്യഅതിഥിയായി സംസാരിച്ചു.

### മെഡിക്കൽ കോളേജിൽ ആംബുലൻസ് ഡ്രൈവർമാർക്ക് ഭക്ഷണം നൽകുന്നു

കോഴിക്കോട് മെഡിക്കൽ കോളേജിലെ ആംബുലൻസ് ഡ്രൈവർമാർക്ക് ഒരു മാസത്തേക്ക് എ കെ സി സി യുടെ നേതൃത്വത്തിൽ ഉച്ചഭക്ഷണം നൽകിവരുന്നു.

### ഗ്ലോബൽ സമിതി സെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് അഭിനന്ദനം

202124 വർഷത്തേക്കുള്ള ഗ്ലോബൽ സെക്രട്ടറിമാരായി ബേബി പെരുമാലിൽ, ട്രീസ സെബാസ്റ്റ്യൻ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. രണ്ടുപേർക്കും കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപതയുടെ അഭിനന്ദന ങ്ങൾ അറിയിക്കുന്നു.

### മറ്റു പ്രവർത്തനങ്ങൾ

1. രൂപത, മേഖല, യൂണിറ്റ് തലങ്ങളിൽ ഹെൽപ്പ് ഡെസ്കും കോവിഡ് task force ഉം രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
2. ഹാർട്ട് ലിങ്ക്സ് പദ്ധതിയിലുൾപ്പെടുത്തിയുള്ള മൈലെള്ളാംപാറ വീടു പണി പുരോഗമിക്കുന്നു. യൂണിറ്റുകളിൽ നിന്നുള്ള വിഹിതം നൽകുന്ന കാര്യം ഓർമിപ്പിക്കുന്നു.
3. മെയ് 12, 15, 18 തീയതികളിൽ നടന്ന ഓൺലൈൻ ഗ്ലോബൽ സമിതി യോഗങ്ങളിൽ രൂപത ഭാരവാഹികളും, ഗ്ലോബൽ സെക്രട്ടറിമാരും പങ്കെടുത്തു.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എ.കെ.സി.സി

# ഇൻഫാം

## ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ മുട്ടക്കോഴി വിതരണം

താമരശ്ശേരി രൂപത ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ ആവശ്യക്കാർക്ക് 2 മാസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു (ഗ്രാമശ്രീ ഇനത്തിൽപ്പെട്ട വാക്സിൻ എടുത്ത കുഞ്ഞുങ്ങൾ). രണ്ട് പൂവനും എട്ട് പിടകളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. യൂണിറ്റ് ഒന്നിന് 1200 രൂപയാണ് വില. ആവശ്യക്കാർക്ക് ഓർഡർ പ്രകാരം ഇടവകപള്ളിയിൽ എത്തിച്ചു കൊടുക്കും. കൊണ്ടുവരുന്ന ദിവസം അറിയിക്കുന്നതായിരിക്കും. ജൂലൈ അവസാനത്തോടെ കോഴികളെ ലഭിക്കുന്നതാണ്. വണ്ടിക്കൂലി കൊടുക്കേണ്ടതില്ല. കോഴിക്കൂട് ആവശ്യമുള്ളവർക്ക് (രണ്ട് വശവും ഇരുമ്പ് നെറ്റ് അടിച്ചത്, തടികൊണ്ടുള്ളത്) 2800 രൂപ നിരക്കിൽ നൽകുന്നതാണ്. വണ്ടിക്കൂലി സ്വയം വഹിക്കേണ്ടതാണ്. ആവശ്യമുള്ളവർ 9495693810 എന്ന നമ്പറിൽ ബന്ധപ്പെടുക.

അസോസിയേറ്റ് ഡയറക്ടർ
**ഫാ. ജോസഫ് കളത്തിൽ**

ഡയറക്ടർ, ഇൻഫാം
**ഫാ. ജോസ് പെണ്ണാപറമ്പിൽ**

# കരിസ്മാറ്റിക് മൂവ്മെന്റ്

ഏപ്രിൽ 23 ന് താമരശ്ശേരി സബ്സോണും, 24-ാം തീയതി കോഴിക്കോട് സിറ്റിസബ്സോണും ഓൺലൈനായി മീറ്റിംഗ്കൂടി. ഭയാശങ്കകൾ ഉയരുന്ന ഈ സാഹചര്യത്തിലും, വിശ്വാസത്തിൽ ആഴപ്പെടാനും, തീഷ്ണമായി ദൈവസന്നിധിയിൽ പ്രാർത്ഥന സമർപ്പിക്കുവാനും പരിശ്രമിക്കുന്നു.

ഏപ്രിൽ 25-ാം തീയതി മുതൽ 29 വരെ മരുതോങ്കര സബ്സോണിൽ യുവദമ്പതികൾക്കായി ഒരുക്കിയ ഓൺലൈൻ ധ്യാനത്തിൽ 50 ദമ്പതികൾ പങ്കെടുത്തു ധ്യാനത്തിന് നേതൃത്വം നൽകിയ ദമ്പതികൂട്ടായ്മയ്ക്ക് പ്രത്യേകം നന്ദി. 30-4 വരെ പെരിന്തൽമണ്ണ സബ്സോൺ ഓൺലൈനിലൂടെ വിസിറ്റ് നടത്തി. പ്രതിസന്ധികൾക്കിടയിലും വലിയ സാക്ഷ്യം നൽകാൻ അവർക്കു സാധിച്ചു.

മെയ് 1-ാം തീയതി മദ്ധ്യസ്ഥ പ്രാർത്ഥന സെട്രൽ കമ്മിറ്റി ഓൺലൈനിലൂടെ വിസിറ്റ് നടത്തി. എല്ലാ ശുശ്രൂഷകൾക്കും നന്ദി അറിയിക്കുകയും കൂടുതൽ കരുതലോടെ പ്രവർത്തിക്കേണ്ട കാര്യങ്ങൾ ഓർമ്മപ്പെടുത്തുകയും ചെയ്തു.

മെയ് മാസം ഒന്നാം തീയതി മുതൽ 31-ാം തീയതിവരെ അഖണ്ഡജപമാല ഓരോ സബ്സോൺ തിരിച്ച് 24 മണിക്കൂറും നടക്കുന്നു.

ഓരോരുത്തരും പ്രത്യേകമായി മിഖായേൽ മുഖ്യദൂതനോടുള്ള ജപം, സങ്കീർത്തനം 91, കരുണയുടെ കൊന്ത, ജപമാല, വി. കുർബാന (സാധിക്കുന്നവർ), പരിത്യാഗ പ്രവർത്തികൾ നിയോഗമായി സമർപ്പിച്ച്, ലോകം മുഴുവനും കൊറോണ മഹാവിപത്തിൽനിന്നും സംരക്ഷിക്കപ്പെടുവാനും, എല്ലാ അധികാരികൾക്കും ദൈവിക ജ്ഞാനം ലഭിക്കാനും, എല്ലാവരും കർത്താവിൽ ആശ്രയിച്ച് വിശ്വാസ ജീവിതം നയിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു.

സോണിൽ 11 ഗ്രൂപ്പുകളിലായി 130 പേർ എൽഎസ്എസ് ട്രെയിനിംഗിൽ പങ്കെടുക്കുന്നു. ഏഴ് ആഴ്ചകൾ നീണ്ടുനിൽക്കുന്ന സെമിനാർ ആഴ്ചയിൽ ഒരു ക്ലാസും, ഹോംവർക്കും അടങ്ങിയതാണ്. എൽഎസ്എസ് കോർഡിനേറ്റർ ബാബു കോതാനിക്കൽ സോണൽ കോഡിനേറ്റർ ജോൺസൺ സാർ, മെന്റേഴ്സ് എന്നിവരാണ് നേതൃത്വം നൽകുന്നത്. മെയ് 3 ന് സോണൽ കോർഗ്രൂപ്പും മെയ് 11 ന് സർവ്വീസ് ടീമും ഓൺലൈനിൽകൂടി. സോണൽ ആനിമേറ്റർ ബഹു. സൈമണച്ചൻ കുടുംബങ്ങളുടെ പ്രസക്തി ഓർമ്മപ്പെടുത്തി. ഭാര്യയും ഭർത്താവും സ്നേഹത്തിൽ വസിച്ച്, കുഞ്ഞുങ്ങൾക്ക് ജന്മം നൽകി അവരെ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളായി വളർത്തണമെന്നും, മുന്തിരിച്ചെടിയിൽ നിൽക്കുന്ന ശാഖകൾ ഫലം പുറപ്പെടുവിക്കുന്നതുപോലെ ഓരോ കുടുംബത്തിനും സാധിക്കട്ടെ എന്നും, കോവിഡ് സമ്മാനിച്ച വലിയ പ്രഹരംമൂലം ദൈവാലയങ്ങൾ അടയ്ക്കപ്പെടുകയും, കുമ്പസാരത്തിനും, വി. ബലി അർപ്പണത്തിനും, സാധ്യത ഇല്ലാത്ത അവസ്ഥയിലും വിശ്വാസതകർച്ചയിലേക്ക് പോകാതെ കുഞ്ഞുങ്ങളേയും യുവജനങ്ങളെയും ചേർത്തുപിടിക്കാൻ ആവണം എന്നും ഓർമ്മപ്പെടുത്തി. ഓൺലൈനിലൂടെ കൂട്ടായ്മകളും, പ്രാർത്ഥനകളും ഉണ്ടാകണം എന്നും കൂട്ടിചേർത്തു.

പന്തക്കുസ്താ തിരുനാളിന് മെയ് 14 മുതൽ കെഎസ്റ്റിയോടു ചേർന്ന് നൊവേനയിലും, 23 ന് പന്തക്കുസ്താ തിരുനാളിലും പങ്കുചേർന്നു. അഖണ്ഡജപമാലയുടെ സമാപനം മെയ് 31 ന് സോണിൽ ആഘോഷിക്കാനും തീരുമാനിച്ചു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ



*St. Joseph, Pray for us*

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

ഏപ്രിൽ 10 ന് പതിവുപോലെ രൂപത കമ്മിറ്റി കൂടുകയുണ്ടായി. ഓസാനാം ഭവനിൽ ചേർന്ന യോഗത്തിൽ വിവിധ ഏരിയ കൗൺസിൽ പ്രസിഡന്റുമാരും ബോർഡ് മെമ്പർമാരും പങ്കെടുത്തു.

സമൂഹത്തിൽ കൊറോണ എന്ന മഹാമാരി സജീവമായി നിലനിൽക്കുന്നതിനാൽ ഭവന സന്ദർശനം കുറവാണെന്ന് പങ്കെടുത്തവർ റിപ്പോർട്ട് ചെയ്തു. എങ്കിലും പാവപ്പെട്ടവരുടെ ആവശ്യങ്ങൾ അനുസരിച്ച് സാമ്പത്തികസഹായം പ്രത്യേകിച്ച് വിവാഹ, ചികിത്സാ സഹായങ്ങൾ തടസ്സങ്ങൾ ഇല്ലാതെ നിറവേറ്റപ്പെടുന്നുണ്ടെന്നു യോഗം വിലയിരുത്തി.

നാഷണൽ കൗൺസിലിൽ നിന്ന് ലഭിച്ച അഗ്രിഗേഷൻ സർട്ടിഫിക്കറ്റുകൾ, താമരശ്ശേരി, കുളത്തുവയൽ, ദേവഗിരി ഏരിയ കൗൺസിൽ പ്രസിഡന്റുമാർക്ക് സി.സി പ്രസിഡന്റ് കൈമാറി. ദേവഗിരി ഓസാനാം ഭവനിൽ, റേഡിയേഷനു വേണ്ടി വരുന്ന രോഗികൾ കൂടുതലാണെങ്കിലും, ഭക്ഷണം, താമസം എന്നിവ യഥാക്രമം ബുദ്ധിമുട്ടുകൾ ഇല്ലാതെ നടക്കുന്നുണ്ടെന്ന് ഓസാനാം ഭവൻ മാനേജർ സെബാസ്റ്റ്യൻ തുണ്ടത്തിൽ അറിയിച്ചു.

മുൻകാല കുടിയേറ്റക്കാരനും സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ സി.സി ഭാരവാഹിയുമായിരുന്ന ബ്രദർ തോമസ് കട്ടക്കയത്തിന്റെ വേർപാടിൽ സെൻട്രൽ കമ്മിറ്റി അനുശോചിച്ചു. സി.സി പ്രസിഡന്റും വൈസ് പ്രസിഡന്റും ഭവനം സന്ദർശിച്ച് റീത്ത് സമർപ്പിച്ചതായും യോഗത്തെ അറിയിച്ചു.

കൊറോണ രോഗവുമായി വീടുകളിലും ആശുപത്രികളിലും കഴിയുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് പതിനായിരം രൂപ വരെ ധനസഹായം നൽകാൻ തീരുമാനിച്ചു. ഇതിനായി കോൺഫ്രൻസ് തലത്തിൽ സംഭാവനകൾ സ്വീകരിക്കാനും, സി.സി തലത്തിൽ അർഹതപ്പെട്ടവർക്ക് കൊടുക്കാനും തീരുമാനിച്ചു. കോൺഫ്രൻസു പ്രസിഡന്റുമാർ വികാരിയച്ചന്മാരുമായി സംസാരിച്ച് തീരുമാനമെടുക്കേണ്ടതാണെന്നും സി.സി വിലയിരുത്തി.

കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് പാവപ്പെട്ടവരുടെ ആവശ്യങ്ങൾ അന്വേഷിച്ച് വേണ്ടത്പോലെ സഹായങ്ങൾ എത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന തീരുമാനത്തോടെ യോഗം അവസാനിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# ബഥാനിയ ധ്യാനകേന്ദ്രം

''അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു'' (1 പത്രോ. 2:24).

പരിശുദ്ധ അമ്മയുടെ പ്രത്യേക മദ്ധ്യസ്ഥതയാൽ മെയ്മാസത്തിലെ ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ ബഥാനിയായിലെ എല്ലാ കാര്യങ്ങളും ഭംഗിയായി മുന്നോട്ട് പോകുന്നു. കോവിഡ് നിയന്ത്രണങ്ങൾ ശക്തമായി നില നിൽക്കുന്നതിനാൽ ദൈവജനത്തിന് നേരിട്ട് ബഥാനിയ ശുശ്രൂഷകളിൽ പങ്കെടുക്കാൻ കഴിയുന്നില്ലെങ്കിലും അവരുടെ എല്ലാ നിയോഗങ്ങളും സമർപ്പിച്ച് പ്രത്യേക ആരാധനകളും പ്രാർത്ഥനകളും ബഥാനിയായിൽ നടക്കുന്നു. എല്ലാ ദിവസവും രാവിലെ 6.30 ന് ബഥാനിയായുടെ ഔദ്യോഗിക യൂട്യൂബ് ചാനലായ ബഥാനിയ വിഷനിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ളവർക്ക് വി. കുർബാനയിലും ആരാധനയിലും പങ്കെടുക്കാൻ അവസരം ഒരുക്കുന്നു. എല്ലാ ദിവസവും രാവിലെ മുതൽ രാത്രി 8 മണിവരെ ജപമാലയർപ്പണവും ആരാധനയും നടക്കുന്നു. കെസിബിസി യുടെ നിർദ്ദേശമനുസരിച്ച് എല്ലാദിവസവും ഉച്ചകഴിഞ്ഞ് 3 മണിക്ക് ബഥാനിയ ടീം അംഗങ്ങൾ ദിവ്യകാരുണ്യ സന്നിധിയിൽ ഒരുമിച്ച് കൂടി കരുണയുടെ ജപമാല ചൊല്ലി കൊറോണ മുക്ത ലോകത്തിനായി പ്രാർത്ഥിക്കുന്നു.

### ബഥാനിയ ചെയിൻ റോസറി

ബഥാനിയായിലെ ശുശ്രൂഷകർ അവരവരുടെ ഭവനങ്ങളിൽ ഇരുന്ന് ഓരോരുത്തർക്കും നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ ഇടമുറിയാതെ ജപമാല ചൊല്ലി കൊറോണ വൈറസിന്റെ പിടിയിൽ നിന്ന് രക്ഷനേടുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നു.

### നന്ദിയും സ്വാഗതവും

കഴിഞ്ഞ ഒരു വർഷത്തെ ബഥാനിയായിലെ ശുശ്രൂഷകൾക്ക് ശേഷം മാതൃഭവനത്തിലേക്ക് തിരികെ പോകുന്ന സി. ഗ്ലാഡിസ് മരിയ എസ്.എച്ച് ന് ബഥാനിയ കുടുംബത്തിന്റെ പ്രത്യേക നന്ദിയും പ്രാർത്ഥനയും നേരുന്നു. പുതിയ ശുശ്രൂഷ മേഖലകളിൽ ദൈവാനുഗ്രഹവും ആശംസിക്കുന്നു. ബഥാനിയ ഭവനത്തിലെ ശുശ്രൂഷകളെ സഹായിക്കുവാൻ കടന്നു വന്നിരിക്കുന്ന ആരാധന സന്യാസിനി സമൂഹത്തിലെ സി. ജോയ്സിന് സ്വാഗതവും വിജയാശംസകളും നേരുന്നു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## ആശാകിരണം പദ്ധതി

ആശാകിരണം പദ്ധതിയുടെ ഭാഗമായി പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുകയും, അത്യാവശ്യകാർക്ക് മരുന്ന് വാങ്ങാനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്തു. കൂടാതെ ആശാകിരണം വോളണ്ടിയേഴ്സിന്റെ നേതൃത്വത്തിൽ കോവിഡ് കാലത്ത് മാനസിക സംഘർഷം അനുഭവിക്കുന്ന രോഗികളെ സന്ദർശിക്കുകയും, സന്ദർശനം അനുവദനീയമല്ലാത്ത സാഹചര്യത്തിൽ ടെലി കൗൺസിലിംഗ് നടത്തുകയും ചെയ്തു.

## ബോധവത്ക്കരണ കൂട്ടായ്മകൾ

കോവിഡ് മഹാമാരിയുടെ തീവ്രവ്യാപന പശ്ചാത്തലത്തിൽ 20 ഗ്രാമവികസന സമിതികളിലും 250 ഓളം സ്വാശ്രയ സംഘങ്ങളിലും ബോധവത്ക്കരണ കൂട്ടായ്മകൾ സംഘടിപ്പിച്ചു. വ്യാപനം തടയുവാനുള്ള മുൻകരുതലുകളും വീടുകളിൽ കഴിയുന്ന രോഗികൾക്ക് ശുശ്രൂഷ ചെയ്യേണ്ട രീതികളെക്കുറിച്ചും, ഗൗരവ ലക്ഷണങ്ങളുള്ള രോഗികളെ തിരിച്ചറിഞ്ഞ് ആരോഗ്യപ്രവർത്തകരുടെ സഹായംതേടേണ്ട സാഹചര്യത്തെക്കുറിച്ചും ബോധവൽക്കരണം നടത്തി. കൂടാതെ സംഘർഷമനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം സംഘങ്ങളുടെ നേതൃത്വത്തിൽ നൽകി. സ്വാശ്രയ സംഘം ലീഡേഴ്സ് ഏരിയ കോർഡിനേറ്റർമാർ എന്നിവർ നേതൃത്വം നൽകി.

## ജെ.എൽ.ജി ഓറിയന്റേഷൻ

കാർഷിക വികസന പദ്ധതിയുടെ ഭാഗമായി കാനറ ബാങ്കുമായി ചേർന്ന് സി.ഒ.ഡി നടത്തുന്ന J.L.G വായ്പ പദ്ധതിയുമായി ബന്ധപ്പെട്ട് ഓറിയന്റേഷൻ സെന്റ് മേരീസ് ചർച്ച് കണ്ണോത്തു വച്ച് നടത്തി. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വികസനത്തിന് സഹായം നല്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി പ്രവർത്തിക്കുന്നത്. പ്രസ്തുത പരിപാടിയിൽ ബഹു. അബ്രാഹം വള്ളോപ്പള്ളി അച്ചൻ അദ്ധ്യക്ഷത വഹിച്ചു. സി.ഒ.ഡി ഡയറക്ടർ ജോർജ് ചെമ്പരത്തി ഉദ്ഘാടനം നിർവ്വഹിച്ചു. പ്രോഗ്രാം കോഡിനേറ്റർ പദ്ധതി വിശദീകരിച്ചു.

**ഫാ. ജോർജ്ജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# അജപാലനക്കുറിപ്പുകൾ

മെയ് 2021

1 രാവിലെ കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് പുതുതായി പണികഴിപ്പിച്ച പൊയിലോംചാൽ സെന്റ് ജൂഡ് ഇടവക ദേവാലയം കൂദാശ ചെയ്ത് ദിവ്യബലി അർപ്പിച്ചു.

2 രാവിലെ, തത്വശാസ്ത്രം പൂർത്തിയാക്കിയ ഏതാനും വൈദികവിദ്യാർത്ഥികൾക്ക് താമരശ്ശേരി അൽഫോൻസാ മൈനർ സെമിനാരിയിൽ വെച്ച് വൈദികവസ്ത്രം നൽകി.

രാവിലെ വെറ്റിലപ്പാറ ഇടവകയിൽ പരേതയായ വെട്ടിക്കുഴിയിൽ തെരേസയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

രാവിലെ, കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട കോനൂർക്കണ്ടി ഇടവകയിലെ വടക്കേത്തടത്തിൽ സെബാസ്റ്റ്യന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

3 രാവിലെ കോഴിക്കോട് പ്രസന്റേഷൻ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ഒരു സന്യാസിനിയുടെ പ്രഥമ വ്രതവാഗ്ദാന രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

4 രാവിലെ, പി.എം.ഒ.സി. യിൽ വെച്ച് നടന്ന ഡയറക്ടർ ജോസഫ് കളരിക്കലച്ചന്റെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.

വൈകുന്നേരം, പ്രോ-ലൈഫ് മൂവ്മെന്റിന്റെ മിസ്സിയോ 21 എന്ന ഓൺലൈൻ കാറ്റക്കിസം മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

5 ഉച്ചകഴിഞ്ഞ്, തൃശ്ശൂർ പെരിങ്ങോട്ടുകര സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് ഒരു മനസ്സമ്മതം ആശീർവദിച്ചു.

6 രാവിലെ, അമലാപുരിയിൽ ഇടവക ദൈവാലയത്തിൽ വെച്ച് രണ്ട് സി.എം.ഐ. സന്യാസ വൈദിക വിദ്യാർത്ഥികൾക്ക് മ്ശംശാനാ പട്ടം നൽകി.

7 രാവിലെ, കുളത്തുവയൽ നിർമ്മല റിട്രീറ്റ് സെന്ററിൽ വെച്ച് എം. എസ്.എം.ഐ. സന്യാസിനീ സമൂഹത്തിൽപ്പെട്ട ഏതാനും സന്യാസിനിമാരുടെ നിത്യവ്രത വാഗ്ദാനകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

9 പ്രീ-കാനാ ഓൺലൈൻ കോഴ്സിൽ പങ്കെടുക്കുന്നവർക്കായി ക്ലാസെടുത്തു.

വൈകുന്നേരം മാനന്തവാടി രൂപതയിലെ ദീപിക പ്രൊമോട്ടേഴ്സിന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിക്കുന്നവരെ അഭിസംബോധന ചെയ്തു.

11 വൈകുന്നേരം, മാർ തോമസ് തറയിൽ പിതാവ്, താമരശ്ശേരി രൂപതാ വൈദികർക്കായി നടത്തിയ ഓൺലൈൻ ധ്യാനത്തിൽ പങ്കുകൊണ്ടു.

12 രാവിലെ, ഫിലിപ്പ് നേരി സിസ്റ്റേഴ്സിന്റെ ഓൺലൈൻ വൊക്കേഷൻ പ്രൊമോഷൻ പ്രോഗ്രാമിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

13 രാവിലെ, രൂപതാ എ.കെ.സി.സി. യൂണിറ്റ് പ്രതിനിധികൾക്കായുള്ള ഓൺലൈൻ വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തു.

രാവിലെ, സ്വമാതാവിന്റെ ഒമ്പതാം ചരമവാർഷികത്തോടനുബന്ധിച്ച് രൂപതാഭവൻ കപ്പേളയിൽ വി. കുർബാനയർപ്പിച്ചു.

14 രാവിലെ, പബ്ളിക് അഫയേഴ്സ് കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

15 രാവിലെ, ദീപിക ഭരണ അംഗങ്ങളുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

വൈകുന്നേരം, എ.കെ.സി.സി. വർക്കിംഗ് കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കോവിഡ് - 19 രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതങ്ങൾ ചർച്ച ചെയ്തു.

16 വൈകുന്നേരം, രൂപതയിലെ ദീപിക പ്രൊമോട്ടേഴ്സിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

18 രാവിലെ, കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

20 രാവിലെ, മേജർ ആർച്ച് ബിഷപ്പ് പങ്കെടുത്ത, കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി സ്റ്റാഫ് അംഗങ്ങളുടെയും കമ്മീഷൻ അംഗങ്ങളുടെയും സംയുക്ത ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

രാവിലെ, താമരശ്ശേരി കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.


21 വൈകുന്നേരം സീറോ മലബാർ മെത്രാന്മാരുടെ ഓൺലൈൻ ധ്യാനത്തിൽ പങ്കെടുത്തു.

22 രാവിലെ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടന്ന എക്സോഡസ് 21 എന്ന വെബിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

23 രാവിലെ മേജർ സെമിനാരി വിദ്യാർത്ഥികളുമായി ഓൺലൈനായി കൂടിക്കാഴ്ച നടത്തി. മേജർ സെമിനാരി വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ സൗഹൃദം എന്ന സെമിനാരിയൻസ് ബുള്ളറ്റിൻ ഓൺലൈനായി പുറത്തിറക്കി.

24 രാവിലെ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ മതബോധന പ്രധാനാദ്ധ്യാപകരുടെ ഓൺലൈൻ മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

24 -26 വിശ്വാസപരിശീലനത്തിന്റെ നേതൃത്വത്തിൽ മതാദ്ധ്യാപകർക്കായി ക്ലാസ്സടിസ്ഥാനത്തിൽ നടത്തിയ ഓൺലൈൻ മീറ്റിങ്ങുകളിൽ സംബന്ധിച്ച് അവരെ അഭിസംബോധന ചെയ്തു.



# വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന

ഞങ്ങളുടെ വിമോചകന്റെ പാലകനായ വി. യൗസേപ്പിതാവേ, പരി. കന്യാമറിയത്തിന്റെ മണവാളാ, ദൈവം തന്റെ ഏകജാതനെ ഭരമേല്പിച്ച അങ്ങിലാണല്ലോ, പരി. കന്യകാ മറിയം ശരണപ്പെട്ടത്. അങ്ങയോടൊപ്പമാണല്ലോ ഈശോ വളർന്നത്. വി. യൗസേപ്പിതാവേ, ഞങ്ങളുടെ സ്വർഗീയതാതനായിരുന്നുകൊണ്ട് ജീവന്റെ വഴിയിൽ ഞങ്ങളെയും നയിക്കണമേ. ഞങ്ങൾക്ക് കൃപയും കാരുണ്യവും ധൈര്യവും ലഭിക്കുന്നതിനും തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്നതിനും മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

('പാത്രിസ് കോർദേ'യുടെ സമാപനത്തിലെ പ്രാർത്ഥന)



# Pope Francis

## On Family



**1. The family prays**

After all, prayer seems to be something personal, and besides there is never a good time, a moment of peace... Yes, all that is true enough, but it is also a matter of humility, of realizing that we need God... all of us! We need his help, his strength, his blessing, his mercy, his forgiveness. And we need simplicity to pray as a family: simplicity is necessary! Praying the Our Father together, around the table, is not something extraordinary: it's easy. And praying the Rosary together, as a family, is very beautiful and a source of great strength! And also praying for one another! The husband for his wife, the wife for her husband, both together for their children, the children for their grandparents....praying for each other. This is what it means to pray in the family and it is what makes the family strong: prayer.

**2. The family keeps the faith**

We all know that families, especially young families, are often "racing" from one place to another, with lots to do. But did you ever think that this "racing" could also be the race of faith? Christian families are missionary families. ...They are missionary in everyday life, in their doing everyday things, as they bring to everything the salt and the leaven of faith! Keeping the faith in families and bringing to everyday things the salt and the leaven of faith.

**3. The family experiences joy**

Dear families, you know very well that the true joy which we experience in the family is not superficial; it does not come from material objects, from the fact that everything seems to be going well... True joy comes from a profound harmony between persons, something which we all feel in our hearts and which makes us experience the beauty of togetherness, of mutual support along life's journey. But the basis of this feeling of deep joy is the presence of God, the presence of God in the family and his love, which is welcoming, merciful, and respectful towards all. And above all, a love which is patient: patience is a virtue of God and he teaches us how to cultivate it in family life, how to be patient, and lovingly so, with each other. To be patient among ourselves. A patient love.

Dear families, always live in faith and simplicity, like the Holy Family of Nazareth! The joy and peace of the Lord be always with you!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 31-05-2021 |






അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ്
01.05.2021ന് കൂദാശ ചെയ്ത
പൊയിലോംചാൽ സെന്റ് ജൂഡ് ദൈവാലയം

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.